
CATHOLIC DIOCESE OF MUVATTUPUZHA

"DO WHATEVER HE TELLS YOU"

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ



2020 ഫെബ്രുവരി – ജൂൺ പുസ്തകം 30, ലക്കം 2



ദൈവദാസൻ
മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ
67–ാം ഓർമ്മപ്പെരുന്നാൾ



2020 മാർച്ച് 6, 7, 8, 9 തിയതികളിൽ നടന്ന പ്രഥമ മൂവാറ്റുപുഴ ബൈബിൾ കൺവൻഷൻ
മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.






2020 മെയ് 30 – ന് മ്ശംശോനോ, ഹെവുപ്പദിയക്ക്നോ പട്ടങ്ങൾ സ്വീകരിച്ച വൈദിക വിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാവിനോടൊപ്പം.

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 30 | ലക്കം 2 | 2020 ഫെബ്രുവരി – ജൂൺ

*Patron:*
**Most Rev. Dr.Yoohanon Mar Theodosius**

*Co- Patron:*
**Msgr. Cherian Chennikkara**

*Editor:*
**Fr. George Maramkandom**

*Sub-Editor*
**Fr. George Arackamyalil**



“തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ!.”
(യോഹ. 20:28)

*Printed & Published by:*
Editor, Vimalanadam
Muvattupuzha Diocesan Centre, Mudavoor P.O., Muvattupuzha - 686 669
vimalanadam@gmail.com

# ഇടയമൊഴി



*"എന്റെ ആത്മാവെ നീ എന്തിനു വിഷാദിക്കുന്നു? നീ എന്തിനു നെടുവീർപ്പെടുന്നു. ദൈവത്തിൽ പ്രത്യാശ വയ്ക്കുക." (സങ്കീ. 42.5)*

കർത്താവിൽ പ്രിയ മക്കളെ,

എല്ലാവർക്കും ദൈവതിരുനാമത്തിൽ സ്നേഹവന്ദനം!

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 67–ാം ഓർമ്മപ്പെരുന്നാൾ കടന്നുവരികയാണല്ലോ. വന്ദ്യ പിതാവ് ചൊല്ലിയിരുന്ന ഒരു പ്രാർത്ഥന ഇക്കാലഘട്ടത്തിൽ വളരെ അന്വർത്ഥമെന്ന് കരുതുന്നു. "എത്രമുറിവുകൾ ഏറ്റാലും അവയെ കൂട്ടാക്കാതെ നിനക്കുവേണ്ടി യുദ്ധം ചെയ്യാൻ ഞങ്ങളെ അഭ്യസിപ്പിക്കേണമെ. എന്തു ചിലവ് വരുമെന്ന് കണക്കാക്കി നോക്കാതെ നിനക്ക് തരുന്നതിന് ഞങ്ങളെ അഭ്യസിപ്പിക്കേണമെ" (ഗിരിദീപം). വന്ദ്യ പിതാവിന്റെ മാദ്ധ്യസ്ഥം സഭയ്ക്കും, ഭദ്രാസനത്തിനും വിശ്വാസസമൂഹത്തിനുമായി നമുക്ക് യാചിക്കാം.

വിമലനാദത്തിലെ കഴിഞ്ഞ ലക്കത്തിൽ നിങ്ങളുമായി പങ്കുവച്ച പലകാര്യങ്ങളിൽ ഒന്നായിരുന്നല്ലോ 'പ്രകാശം അന്ധകാരത്തിനും ഭയത്തിനും വഴിമാറുന്നു' എന്ന ഒരു വൈപരീത്യം. അന്ന് അത് കുറിക്കുമ്പോൾ പ്രകാശവലയം എന്നുകൂടീ അർത്ഥമുള്ള കൊറോണ ചൈനയിലും മറ്റു വിദേശരാജ്യങ്ങളിലുമാണ് കുടൂതലായി ഭീതീ പടർത്തിയിരുന്നത്. ഇന്നിത് ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഒരു മഹാവ്യാധിയായി തീർന്നിരിക്കുന്നു. മനുഷ്യൻ സാങ്കേതിക വളർച്ചയുടെ കൊടുമുടിയിലാണ്. ശാസ്ത്രവും സങ്കേതികവിദ്യകളും വളരുമ്പോഴും പുതിയ പുതിയ രോഗങ്ങൾ അനുദിനജീവിതത്തെ ദുസ്സഹമാക്കുന്നു. ഭാരതത്തിന്റെ, നമ്മൾ ജീവിക്കുന്ന കേരളത്തിന്റെ, സാമൂഹിക, സാമ്പ

ത്തിക, വിദ്യാഭ്യാസ, ആരോഗ്യ, ആത്മീക രംഗങ്ങളിൽ നമ്മൾ ഇന്ന് വലിയ പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ്. ഇത്തരുണത്തിൽ തളരുകയല്ല മറിച്ച് പ്രതിസന്ധികളെ മനസ്സുറപ്പോടെയും പ്രാർത്ഥന യോടെയും ക്രീയാത്മകമായ പ്രവർത്തനങ്ങളിലൂടെയും തരണം ചെ യ്യുകയാണ് വേണ്ടത്. കഴിഞ്ഞ 20 നൂറ്റാണ്ടിനുള്ളിൽ എത്രയെത്ര മ ഹാമാരികൾ, മഹാവ്യാധികൾ, മഹായുദ്ധങ്ങൾ നാം അതിജിവിച്ചു. കോവിഡിനെയും നമ്മൾ അതിജീവിക്കും. ഒരിക്കലും പ്രത്യാശ കൈ വിടരുത്. "എന്റെ ആത്മാവെ നീ എന്തിനു വിഷാദിക്കുന്നു? നീ എന്തി നു നെടുവീർപ്പെടുന്നു. ദൈവത്തിൽ പ്രത്യാശ വയ്ക്കുക" എന്ന സ ങ്കീർത്തകന്റെ വചനങ്ങൾ നമ്മുക്ക് ശക്തി നല്കട്ടെ. ഇന്ന് നമ്മെ അ ലട്ടുന്ന പ്രശ്നങ്ങൾക്ക് അവസരോചിതമായ പ്രതിവിധികൾ ദൈവ ത്തിലാശ്രയിച്ച് നമ്മൾ തന്നെ കണ്ടത്തേണ്ടതുണ്ട്. ഇതിനായി ചില നിർദ്ദേശങ്ങൾ പ്രിയപ്പെട്ടവരുടെ മുന്നിൽ വയ്ക്കാൻ ഞാൻ ആഗ്രഹി ക്കുന്നു.

### 1. തളരാത്ത ദൈവാശ്രയം

എല്ലായ്പ്പോഴും പ്രത്യേകിച്ച് തകർച്ചയുടെ ഈ നാളുകളിൽ മനു ഷ്യന്റ കഴിവിൽ ആശ്രയിക്കാതെ ദൈവത്തിന്റ കരുണയുടെ കരങ്ങ ളിൽ നാം എല്ലാം സമർപ്പിക്കണം. മനുഷ്യർക്ക് അസാദ്ധ്യമായത് ദൈ വത്തിന് സാദ്ധ്യമാണ്. വിശ്വാസത്തോടെ പ്രാർത്ഥിക്കുമ്പോൾ നമ്മു ടെ നിസഹായതയിൽ അവിടുന്ന് നമുക്ക് ഉത്തരം നല്കും. പരിശുദ്ധ മറിയത്തെപ്പോലെ കുരിശോടു ചേർന്ന് നിന്നാൽ ഉയിർപ്പിന്റെ പ്രഭ നാം നേരിൽ കാണും.

### 2. പുതിയ പാഠങ്ങൾ പഠിക്കണം

അനുദിനജീവിതത്തിൽ തെറ്റുകൾ സംഭവിക്കുക സ്വഭാവികമാണ്. തെറ്റിൽ കുടുങ്ങിക്കിടക്കാതെ തിരുത്തുമ്പോൾ അതിന് ഒരു സുഖ മുണ്ട്. നമ്മുടെ നിരാശകളെയും ദൗർഭാഗ്യങ്ങളെയും സ്വമനസ്സാ സ്വീക രിച്ച് അവയെ പ്രത്യാശയുടെ ചാലുകളാക്കി മാറ്റുമ്പോഴാണ് ജീവിതം സന്തോഷകരമാകുക. ഈപ്പോഴത്തെ ഈ വിഷമാവസ്ഥയെ എപ്രകാ രം എനിക്ക് പ്രയോജനപ്രദമായ ഒന്നാക്കി മാറ്റുവാൻ കഴിയുമെന്ന് ഒ രോരുത്തരും സ്വയം ചോദിക്കണം. നമ്മുടെ ഗർവും അഹന്തയും സ്വാർ ത്ഥതയും ആഡംബരഭ്രമവും തഴക്കദോഷങ്ങളും നിർമാർജനം ചെ യ്യുവാനുള്ള അവസരമായി ഇതിനെ മാറ്റണം. ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ ആശ്രയിച്ചാണ് ശിഥിലമാകുന്ന സ്വപ്നങ്ങളെ നമുക്ക് ക്രിയാത്മകമായി മാറ്റാൻ സാധിക്കുക. തെറ്റുകളിൽ നിന്ന് പാഠങ്ങൾ

ഉൾക്കൊണ്ട് ദൃഢവിശ്വാസത്തോടെ നന്മയുടെ പുതിയ പാഠങ്ങൾ നാം പഠിക്കണം. നമ്മുടെ തെറ്റുകൾ മാത്രമല്ല മറ്റുള്ളവരുടെ തിന്മകളും ന മുക്ക് മാറ്റത്തിനുള്ള പാഠങ്ങളാകണം (Learn from my mistakes and mistakes of others). ഏതായാലും ഒരു തിരുത്തൽ അനവാര്യം തന്നെ.

### 3. ഗാർഹിക സഭ ശക്തിപ്പെടണം

നമ്മൾ കടന്നുപോയിക്കൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക രംഗത്തെ ഇന്നത്തെ അവസ്ഥ എല്ലാവരെയും വേദനിപ്പിക്കുന്നതാണ്. ദേവാലയ ങ്ങളിൽ മുൻകാലത്തെപ്പോലെ സ്വതന്ത്രമായി ഒരുമിച്ച് കൂടാനും പ്രാർ ത്ഥിക്കുവാനും പരിശുദ്ധ ബലിയിൽ സംബന്ധിക്കുവാനും സാധിക്കാ ത്ത അവസ്ഥ എത്രയോ സങ്കടകരമാണ്. ഇവിടെയാണ് നമ്മുടെ കു ടുംബങ്ങളെ ദൈവാലയങ്ങളാക്കി മാറ്റേണ്ടത്. ഒരുമിച്ച് വചനം വായി ക്കുവാനും പ്രാർത്ഥിക്കുവാനും കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം ഉറപ്പിക്കുവാനും ഈ അവസരം നാം പ്രയോജനപ്പെടുത്തണം. ദമ്പതി കൾ തമ്മിലുള്ള ബന്ധങ്ങൾ സുദൃഢമാകട്ടെ! ഒരുമിച്ച് പ്രാർത്ഥിക്കു വാനും പരസ്പരം സംസാരിക്കുവാനും പങ്കുവയ്ക്കുവാനും ഉല്ലസി ക്കുവാനും പഠിക്കുവാനും കുടുംബാഗംങ്ങൾക്ക് കഴിയണം. പ്രായമാ യവരും, മാതാപിതാക്കളും മക്കളും തമ്മിലുള്ള മാനസികമായ അക ലം നന്നേ കുറയണം. വിട്ടുവീഴ്ച്ചയ്ക്കും പരസ്പര സഹായത്തിനും പ്രോത്സാഹനത്തിനും ദൈവം തന്ന എറ്റവും നല്ല അവസരമാണിത്. കുടുംബപ്രാർത്ഥന ശക്തമാക്കുന്നതോടൊപ്പം മാധ്യമങ്ങളിൽ വരുന്ന ആത്മീകശുശ്രൂഷകളും പ്രയോജനപ്പെടുത്തണം. പരസ്നേഹത്തിനും പരിത്യാഗ പ്രവർത്തികൾക്കും വളരെ പ്രാധാന്യം നൽകണം. ഓരോ ഭവനവും ഓരോ കൊച്ചു പള്ളയായി മാറട്ടെ. അനുവദനീയമായ തല ത്തിൽ ഇടവക പള്ളിയിലെ ആരാധനയിൽ നമുക്ക് പങ്കുചേരാം.

### 4. പ്രകൃതിയോട് കൂടുതൽ അടുക്കുക

ഈ ഭൂമി നമ്മുടെ പെറ്റമ്മയും പോറ്റമ്മയും ആണ്. പ്രകൃതിയോ ട് താതാമ്യപ്പെട്ട് ജീവിക്കേണ്ട മനുഷ്യൻ ഇന്ന് പ്രകൃതിയിൽ നിന്നും വളരെ അകന്നുകൊണ്ടിരിക്കുകയാണ്. 'മണ്ണിൽ നിന്ന് എടുക്കപ്പെട്ട വൻ മനുഷ്യൻ, മണ്ണാകേണ്ടവൻ മനുഷ്യൻ' കാർഷികമേഖലയിൽ ഉ ണ്ടായിക്കൊണ്ടിരിക്കുന്ന അപചയങ്ങൾ ഇതാണ് സുചിപ്പിക്കുന്നത്. മണ്ണിനോട് ചേർന്ന ജീവിക്കേണ്ട നമ്മൾക്ക് കൃഷി അന്യമാകുന്നു. പ രിശുദ്ധ ഫ്രാൻസീസ് മാർപാപ്പയുടെ Laudato Si എന്ന രണ്ടാം ചാക്രിക ലേഖനം പ്രകൃതിയെ സ്നേഹിക്കുവാനുള്ള ശക്തമായ ഒരു ആഹ്വാ നമാണ് നമ്മുക്ക് നൽകുക. "On care of our common home"എന്ന് ഉപശീർ

ഷകത്തിൽ പരിശുദ്ധ പിതാവ് ഉപഭോഗസംസ്കാരത്തെയും നിരുത്തരവാദിത്തപരമായ വികസന പ്രവർത്തനത്തെയും ശക്തമായ ഭാഷയിൽ അപലപിച്ചിട്ടുണ്ട്. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ മനുഷ്യജീവിതത്തിന്റെ താളം തെറ്റിക്കുമെന്നും, പ്രകൃതി ദുരന്തങ്ങൾക്ക് വരെ അത് വഴിയാക്കുമെന്നും പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ നാം കുടുതലായ ശ്രദ്ധചെലുത്തണം. നാണ്യവിളകൾക്ക് മാത്രമല്ല ഭക്ഷ്യവിളകൾക്കും അവശ്യം പ്രധാന്യം നല്കണം. ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗ യോഗ്യമാക്കണം. എല്ലാ ഭവനങ്ങളോടും പള്ളികളോടും സ്ഥാപനങ്ങളോടും ചേർന്ന ഒരു കൃഷി തോട്ടം യഥാർത്ഥ്യമാക്കണം. പ്രകൃതി മലിനീകരണം, വായു മലിനീകരണം, വിഷാംശമുള്ള ഭക്ഷ്യവിളകൾ ഇവയെല്ലാം ഇന്നിന്റെ ശാപങ്ങളാണ്. മനുഷ്യനന്മക്കായുള്ള ഒരു ധാർമ്മികത രൂപീകരക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

### 5. പങ്കുവയ്ക്കാൻ മനസ്സു തുറക്കണം

വേദനിക്കുന്നവരുടെ പക്ഷം ചേരാനുള്ള വലിയ അവസരമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഭക്ഷണം, വസ്ത്രം, മരുന്ന്, ഇവയൊക്കെ ആവശ്യമുള്ള അനേകർ നമ്മുടെ ചുറ്റുമുണ്ട്. ഇവർക്കായി നമുക്കുള്ളതിൽ നിന്നും പങ്കുവയ്ക്കുക വളരെ പ്രധാനമാണ്. വ്യാവസായിക മേഖല, ഉദ്യോഗ മേഖല, പ്രവാസി മേഖല, കാർഷിക മേഖല തുടങ്ങി സാമ്പത്ത് ബന്ധിതമായ എല്ലാ മേഖലകളും ഇന്ന് തകർന്നിരിക്കുകയാണ്. ജലപ്രളയക്കെടുതിക്ക് ശേഷം കടന്നുവന്ന കോവിഡ്–19 ഈ മേഖലകളെ എല്ലാം പിടിച്ചുലക്കുന്നു എന്നുള്ളത് വസ്തുതയാണ്. നമ്മുടെ അടുത്ത ഭവനത്തിൽ ഇല്ലായ്മകൾ ഉണ്ടെന്ന് നാം തിരിച്ചറിയണം. ചെറിയവരിൽ ഒരുവന് നൽകുമ്പോൾ നാം ദൈവത്തിന് തന്നെ നൽകുന്നു എന്ന തിരുവചനം നമുക്ക് ആവേശം പകരണം. നമ്മുടെ ഇടവകകളും പ്രേഷിത സംഘടനകളും ഇത്തരത്തിൽ ക്രമപ്പെടുത്തണം. നമ്മുടെ കർത്താവിന്റെ കരുണയുടെ മുഖം അങ്ങനെ നമ്മിലൂടെ പ്രകാശിതമാകട്ടെ. നമുക്കുള്ളവ മറ്റുള്ളവർക്ക് കൂടി അവകാശപ്പെട്ടതാണെന്ന സത്യം നമ്മുടെ കാതുകളിൽ മുഴങ്ങട്ടെ.

### 6. വിശ്വാസം, വിദ്യാഭ്യാസം, പുതിയ പഠനശൈലികൾ

പുതിയ സാഹചര്യങ്ങൾ പുതിയ പഠന ശൈലികൾക്ക് വാതിൽ തുറക്കുന്നു. Online ആയി നമ്മുടെ കുഞ്ഞുങ്ങൾ വിദ്യാഭ്യാസം നട

ത്തേണ്ട അവസ്ഥ. കൂട്ടുകാരില്ലാതെ സ്കൂൾ കാണാതെ പഠനം നടത്തേണ്ട ഒരു സ്ഥിതിവിശേഷം! പള്ളിയിൽ പോകാതെ വിശ്വാസ പരിശീലനം തുടരേണ്ട സ്ഥിതി! ഇതിന് പരിമിതകളുണ്ടെങ്കിലും അതിനായി നമ്മുടെ കുഞ്ഞുങ്ങളെ സമർത്ഥമായി നാം ഒരുക്കണം. വീടുകൾ സ്കൂളുകളാകണം. അപ്പനും അമ്മയും കുഞ്ഞുങ്ങൾക്ക് അദ്ധ്യാപകരായി സഹായികളായി കൂടെ ഉണ്ടാകണം. അടിസ്ഥാന സൗകര്യമില്ലാത്ത കുഞ്ഞുങ്ങളെ കണ്ടുപിടിച്ച് ആവശ്യമായ സഹായം എത്തിക്കണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ കുടുംബങ്ങളിലെ ഒരു കുട്ടിക്ക് പോലും വിദ്യാഭ്യാസം നിഷേധിക്കപ്പെടരുത്. അതുപോലെ തന്നെ വിശ്വാസപരിശീലന കാര്യത്തിലും വലിയ ജാഗ്രത നാം പുലർത്തണം. മനസ്സിൽ മാറ്റം വന്നാൽ ജീവിതത്തിലും മാറ്റം വരും.

### 7. ചെറുകിട സംരംഭങ്ങൾ

സാമ്പത്തിക മേഖലയിലെ ഉലച്ചിൽ, പ്രവാസികളുടെ തിരിച്ചുവരവ് ഇവയൊക്കെ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്നു. വൻകിട വ്യവസായ മേഖലകൾ പുനരാരംഭിക്കുവാൻ ഇനിയും കാലതാമസം എടുക്കും. നാട്ടിലെ പ്രവാസികൾ തിരികെ പോയിക്കഴിഞ്ഞു. അവർ ചെയ്തിരുന്ന ജോലികൾ നാം ചെയ്യേണ്ടതായുണ്ട്. പുതിയ സംരംഭങ്ങൾ നമ്മൾ അഭ്യസിക്കേണ്ടിയിരിക്കുന്നു. പുതിയ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നിർമ്മിതി, നിത്യോപയോഗ സാധനങ്ങളുടെ ഉൽപ്പാദനം, ചെറുകിട വ്യവസായങ്ങൾ, ഓൺലൈൻ സംരംഭങ്ങൾ ഇവയൊക്കെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

### 8. ആരോഗ്യപരമായ മുൻകരുതലുകൾ

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സ് ഉണ്ടാകൂ. ചിട്ടയായ ഭക്ഷണക്രമവും കൃത്യമായ വ്യായാമവും ശാരീരിക ആരോഗ്യം നിലനിർത്തും. മനസ്സും ശരീരവും ഇതിനായി പാകപ്പെടുത്തണം. പ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കണം. മാനസീകമായ പിരിമുറുക്കങ്ങൾ പ്രാർത്ഥനയിലൂടെയും സദ്ഗ്രന്ഥ പാരായണത്തിലൂടെയും വചനവായനയിലൂടെയും യോഗയിലൂടെയും മറ്റും അതജീവിക്കാൻ സാധിക്കും. നിസ്സാര കാര്യങ്ങളുടെ പേരിൽ പോലും ആത്മഹത്യ പരിഹാരമായി തിരഞ്ഞെടുക്കുന്ന ഈ കാലഘട്ടത്തിൽ മാനസീക ആരോഗ്യത്തിന് പ്രത്യേക ഊന്നൽ നൽകിയേ മതിയാകൂ. മുതിർന്നവരെ, പ്രത്യേകിച്ച് രോഗികളായവരെ കരുതാൻ

സമയം കണ്ടത്തണം. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും പ്രശ്ന ങ്ങൾ പഠിക്കുകയും അവസരോചിതമായ ഇടപെടലുകൾ ഉണ്ടാവു കയും ചെയ്യണം. ഞാൻ എന്ന ഭാവത്തിനപ്പുറം നമ്മൾ എന്ന ചിന്ത യാണ് ആവശ്യം. രോഗവ്യാപനം തടയുന്നതോടൊപ്പം ആരോഗ്യവ്യാ പനവും നടക്കേണ്ടിയിരിക്കുന്നു. വൃത്തിയുള്ള പരിസരങ്ങൾ സൃഷ്ടി ക്കുവാൻ മുൻകരുതലുകൾ സ്വീകരിക്കണം. ഏത് പകർച്ചവ്യാധിയേയും നേരിടാനുള്ള മാനസീക ശാരീരിക വളർച്ചയിൽ നാമെത്തണം.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ഒരു പരിധി വരെ നടപ്പിൽ വരു ത്തുവാൻ ദൈവാനുഗ്രഹത്താൽ നമുക്ക് സാധിച്ചിട്ടുണ്ട്. എങ്കിലും ഇനി യുള്ള നാളുകളിൽ (Post-Corona Period) കൂടുതൽ പ്രതിസന്ധികളിലേക്ക് ലോകം നീങ്ങുന്നു എന്ന് കാണുന്നതിനാലാണ് ഇവയെല്ലാം പ്രത്യേകം ശ്രദ്ധയിലെത്തിക്കുന്നത്. സമൂഹത്തിന്റെ നന്മക്കായി പ്രാർത്ഥന കൊണ്ടും ധനം കൊണ്ടും പ്രയത്നം കൊണ്ടും സഹകരിച്ച, ഇപ്പോഴും സഹകരിക്കുന്ന എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഞാൻ ഓർക്കുന്നു. ഗവൺമെന്റ് ഓഫീസർമാർ നിയമപാലകർ, ഡോക്ടർമാർ, നഴ്സുമാർ, സന്നദ്ധസംഘടനകൾ, ആരോഗ്യ പ്രവർത്ത കർ, വൈദികർ, സന്യസ്തർ, അല്മായ സഹോദരങ്ങൾ, ഇങ്ങനെ നന്ദിയോടെ ഓർക്കേണ്ട പേരുകൾ നിരവധിയാണ്. നമ്മുടെ രൂപത യിലെ ഭക്തസംഘടനകളായ എം.സി.എ, എം.സി.വൈ.എം., വിൻസെന്റ് ഡി പോൾ, മാതൃസമാജം, എം.സി.സി.എൽ, പ്രാർത്ഥനാകൂട്ടായ്മകൾ, സണ്ടേസ്കൂൾ അദ്ധ്യാപകർ എല്ലാവരുടെയും ത്യാഗപൂർവ്വകമായ സേവ നത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്നിരിക്കിലും സഭയെന്ന നിലയിൽ ആദ്ധ്യാത്മിക രംഗത്ത് നമുക്ക് ഉണ്ടായിരുന്ന അവസ്ഥയിലേക്ക് നാം ഇനിയും എത്തിചേർന്നിട്ടില്ല. ഞായറാഴ്ച്ചകളിൽ ഒരുമിച്ച് ദൈവാല യങ്ങളിൽ ശുശ്രൂഷയിൽ സംബന്ധിക്കുവാൻ സാധ്യമായിട്ടില്ല. എന്നാൽ ഇതൊന്നും നമ്മുടെ വിശ്വാസജീവിതത്തെ തകർക്കരുത്. പ്രതികൂല ങ്ങളായ സാഹചര്യങ്ങളിലൂടെയാണല്ലോ സഭയെന്നും മുന്നോട്ട് പോയി ട്ടുള്ളത്. വിശ്വാസ ജീവിതം അതിന്റെ അർത്ഥതലത്തിൽ, അനുവദി ക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ നിന്നുകൊണ്ട് തന്നെ ഫലവത്താ ക്കുവാൻ ബഹു. വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും പ്രത്യേകം ശ്രദ്ധചെലുത്തണം.

കോവിഡിന്റെ അനിശ്ചിതത്വം അഴലായി നിൽക്കുന്ന ഈ കാല ത്ത്, അതിന്റെ സമൂഹ വ്യാപനം ഉണ്ടാകാതിരിക്കുവാൻ ഉന്നതാധി കാരികൾ നൽകുന്ന എല്ലാ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നാം

കർശനമായി പാലിക്കണം എന്നത് എല്ലാവരുടെയും ഉത്തരവാദിത്വമാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ ജപ്പാനിൽ 'covidiots' എന്നാണ് വിളിക്കുക – ജാഗ്രതയുടെ ഒരു സന്ദേശമാണ് ഇത് നമുക്ക് നൽകുക.

പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ സർവ്വോപരി സർവ്വതും ദൈവതിരുമുമ്പാകെ സമർപ്പിക്കാം. ദൈവത്തിൽ പ്രത്യാശ അർപ്പിച്ച് നല്ല നാളയെ പടുത്തുയർത്തുവാൻ ഒരുമിച്ച് പ്രാർത്ഥിക്കാം, പ്രയത്നിക്കാം. എല്ലാവർക്കും വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമ്മാശ്ലീഹായുടെയും തിരുനാളിന്റെ അനുഗ്രഹങ്ങൾ ആശംസിക്കുന്നു!

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

+ Mar Theodosius

✠ **യൂഹാനോൻ മാർ തെയഡോഷ്യസ്**

മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത.

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 1/2020

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 67–ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ദൈവാനുഗ്രഹത്തിൽ അഭിഷിക്തനും അനേകരെ ദൈവസന്നിധിയിലേക്ക് ആനയിച്ച പുണ്യപിതാവുമായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 67–ാമത് ഓർമ്മപ്പെരുന്നാൾ മലങ്കര സുറിയാനി കത്തോലിക്കാസഭ 2020 ജൂലൈ 1 മുതൽ 15 വരെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ആചരിക്കുകയാണ്. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ മാനിച്ചുകൊണ്ട്, താഴെപ്പറയുന്ന രീതിയിലാണ് ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ നടത്തപ്പെടുന്നത്.

1. ജൂലൈ 1–ാം തീയതി രാവിലെ 7 മണിക്ക് റാന്നി–പെരുനാട് ഇടവക ദൈവാലയത്തിൽ ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. 50 പേരടങ്ങുന്ന സമൂഹം വി. കുർബാനയിൽ സംബന്ധിക്കുന്നതാണ്.

അന്നേ ദിവസം രാവിലെ മുതൽ പട്ടത്ത് കബറിങ്കൽ വന്ന് പ്രാർത്ഥിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കോവിഡ്-19ന്റെ നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ടുതന്നെയാണ് ഈ ക്രമീകരണങ്ങൾ ചെയ്യുന്നത്. ഒരേ സമയം കത്തീഡ്രൽ ക്യാമ്പസിൽ 75 പേരിൽ കൂടുതൽ ആളുകൾ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. 25 ആളുകൾ വരെയുള്ള സംഘത്തിന് വി. കുർബാന അർപ്പിക്കുന്നതിന് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. രാവിലെ 10 മുതൽ വൈകുന്നേരം 5 മണിവരെ 8547203792 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ദയവായി മറ്റ് വ്യക്തികളെ വിളിച്ച് ഈ ക്രമീകരണത്തിന് ശ്രമിക്കരുതേ എന്ന് ഓർമ്മപ്പെടുത്തുന്നു.

2. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് കത്തീഡ്രലിൽ വി. കുർബാനയും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. Live Streaming- ലൂടെ പരമാവധി ആളുകൾക്ക് ലൈവായി ഇതിൽ സംബന്ധിക്കുവാനുള്ള ക്രമീകരണമാണ് നടത്തുന്നത്.

3. നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ, സാധിക്കുന്നിടത്തോളം, ഓരോ ദിവസവും കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുന്നതും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നതുമാണ്. അഭിവന്ദ്യ ഭദ്രാസനാധ്യക്ഷൻമാർ വി. കുർബാന അർപ്പിക്കുമ്പോൾ അന്നേദിവസം പ്രസ്തുത ഭദ്രാസനത്തിലെ 25 അംഗങ്ങൾക്ക് വി. കുർബാനയിൽ സംബന്ധിക്കാവുന്നതാണ്. അതിന്റെ ക്രമീകരണം അഭിവന്ദ്യ ഭദ്രാസനാധ്യക്ഷൻമാർ ചെയ്യുന്നതാണ്.

4. ഭദ്രാസനങ്ങളിലെ പങ്കാളിത്തത്തിന് പുറമേ 25 പേർക്കുകൂടി എല്ലാ ദിവസത്തെയും വി. കുർബാനയിൽ സംബന്ധിക്കുന്നതിന് സാധിക്കുന്നതാണ്. ഇതിനായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ് (8547203792 - രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ).

5. ജൂലൈ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിലെ ശുശ്രൂഷകളും ജൂലൈ 14 ചൊവ്വാഴ്ചയിലെ സന്ധ്യാനമസ്കാരവും ധൂപപ്രാർത്ഥനയും ശ്ലൈഹിക ആശീർവാദവും തുടർന്ന് ജൂലൈ 15 ബുധനാഴ്ച പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടക്കുന്ന ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകളും മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ You tube channel (www.youtube.com/c/mountcarmelministriestrivandrum) വഴി തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്. ജൂലൈ 1-ാം തീയതി

രാവിലെ 7 മണിക്ക് പെരുന്നാട്ടിൽ വച്ചുള്ള വി. കുർബാനയും ശുശ്രൂഷകളും ജൂലൈ 15–ന് രാവിലെ 8 മുതൽ പട്ടത്ത് കത്തീഡ്രലിൽ ഉള്ള വി. കുർബാനയും ശുശ്രൂഷകളും ഷെക്കെയ്ന ടെലിവിഷൻ ചാനൽ പ്രത്യേകം സംപ്രേഷണം ചെയ്യുന്നതാണ്.

6. ഓർമ്മതിരുന്നാൾ ദിവസമായ ജൂലൈ 15–ാം തീയതി രാവിലെ 8.00–മണിക്ക് പ്രഭാതനമസ്കാരം, ആഘോഷമായ പൊന്തിഫിക്കൽ കുർബാന, കബറിങ്കൽ ധൂപപ്രാർത്ഥന, നേർച്ചവിളമ്പ് എന്നിവയുണ്ടായിരിക്കുന്നതാണ്. നമ്മുടെ എല്ലാ ഭദ്രാസനങ്ങളെയും പ്രതിനിധാനം ചെയ്ത് അഭിവന്ദ്യ പിതാക്കന്മാരും സന്ന്യാസ സമൂഹങ്ങളുടെ പ്രതിനിധിയായി ബഥനി ആശ്രമ സുപ്പീരിയർ ജനറാൾ അച്ചനും ഭദ്രാസനങ്ങൾക്ക് പുറത്തുള്ള റീജിയനുകളിലെ കോർഡിനേറ്റർമാരും സഹകാർമ്മികരായി വി. കുർബാനയിൽ സംബന്ധിക്കുതാണ്. കോവിഡ് –19 ന്റെ സുരക്ഷാ ക്രമീകരണങ്ങളുടെയും നിയന്ത്രണങ്ങളുടെയും പശ്ചാത്തലത്തിൽ മറ്റ് ബഹു. വൈദികർക്ക് ഈ വർഷം വി. കുർബാനയിൽ സഹകാർമ്മികരാകുവാൻ സാധിക്കുകയില്ലാ എന്ന വിവരം ഖേദത്തോടെ ഞാൻ അറിയിക്കുന്നു.

7. എല്ലാ വർഷവും പെരുനാട് മുതൽ പട്ടം കത്തീഡ്രൽ വരെ നടത്തിവരുന്ന തീർത്ഥാടന പദയാത്ര ഈ വർഷം ഉണ്ടായിരിക്കുന്നതല്ല എന്നറിയിക്കുന്നു. ഗവൺമെന്റ് വച്ചിരിക്കുന്ന കോവിഡ്–19 നിയന്ത്രണങ്ങൾ അനുസരിക്കേണ്ടത് എല്ലാവരുടെയും സുരക്ഷയ്ക്കുവേണ്ടി കൂടിയാണ്. അനൗദ്യോഗിക ചെറു പദയാത്രകൾ അനുവദിക്കാത്തതിന്റെ കാരണം മേൽപ്പറഞ്ഞ കാരണത്താൽ വ്യക്തമാണല്ലോ. എല്ലാവരും ഈ നിർദ്ദേശത്തോട് സഹകരിക്കേണ്ടതാണ്.

8. ഓർമ്മപ്പെരുന്നാൾ കഴിഞ്ഞുവരുന്ന ജൂലൈ 19–ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ആരാധനാലയങ്ങളിലും വന്ദ്യ പിതാവിന്റെ 67–ാം ഓർമ്മപ്പെരുന്നാൾ സമുചിതമായി വി. കുർബാന, ധൂപപ്രാർത്ഥന ഇവ നടത്തി ആഘോഷിക്കേണ്ടതാണ്.

9. ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ പ്രത്യേക നോമ്പുകാലമായി നമ്മുടെ സഭ അനുശാസിക്കുന്നതനുസരിച്ച് നോമ്പിന്റെ അരൂപിയിൽ ഈ 15 ദിവസങ്ങളും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും വർജ്ജനയുടെയും അരൂപിയിൽ സാധിക്കുന്നിടത്തോളം ഏവരും പ്രാർത്ഥിക്കേണ്ടതും ആയിരിക്കേണ്ടതുമാണ്.

10. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ ദിന

മായ ജൂലൈ 3–ാം തീയതി നോമ്പ് ഉണ്ടായിരിക്കുന്നതല്ല. ആഘോഷമായ പെരുന്നാൾ ദിനമായി ആ ദിനം ഏവരും ആഘോഷിക്കേണ്ടതാണ്.

വിശുദ്ധിയുടെ പൂർണ്ണത പ്രാപിക്കുവാൻ നമ്മുടെ കർത്താവിൽ നിന്നും ലഭിച്ച താലന്തുകളെ ദൈവമഹത്വത്തിനും മനുഷ്യ സേവനത്തിനുമായി പ്രതിഷ്ഠിച്ചുകൊണ്ട് ജീവിച്ച നമ്മുടെ വന്ദ്യപിതാവിനെ മാതൃകയായും മദ്ധ്യസ്ഥനായും ആഗോളസഭയ്ക്ക് ലഭിക്കുന്നതിനായി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. ദൈവദാസന്റെ വിശുദ്ധപദ നാമകരണ നടപടികൾ പുരോഗമിക്കുന്നു. സഭാംഗങ്ങളായ നിങ്ങൾ ഏവരുടേയും ഹൃദയം നിറഞ്ഞ തീക്ഷ്ണമായ പ്രാർത്ഥനകൾ ഈ നടപടികളെ ഏറെ ഫലദായകമാക്കും. 67–ാം ഓർമ്മപ്പെരുന്നാൾ സഭാതലത്തിൽ ആഘോഷിക്കുന്നതിന് കോവിഡ്–19ന്റെ പശ്ചാത്തലത്തിൽ ഏറെ തടസ്സങ്ങൾ നേരിടുന്നുവെങ്കിലും നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും ഇടവകകളിലും ഹൃദ്യമായും തീവ്രമായും നമുക്ക് വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം, നാമകരണ നടപടികളുടെ വിജയത്തിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. ദൈവദാസന്റെ മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ.**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

---

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക-സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതും ഭദ്രാസന പ്രസിദ്ധീകരണങ്ങളിൽ ഇടയലേഖനമായി നൽകേണ്ടതുമാണ്.

# ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 67 – ാം ഓർമ്മപ്പെരുന്നാൾ – 2020

## പ്രോഗ്രാം

**ജൂലൈ 1 (ബുധൻ) മുണ്ടൻമല, പെരുനാട്**

06.30 a.m. : പ്രഭാത നമസ്കാരം, **വി. കുർബാന**

ധൂപപ്രാർത്ഥന

**ജൂലൈ 1 മുതൽ 14 വരെ (പട്ടം കബറിങ്കൽ)**

9 a.m.-5 p.m. : കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ

5.00 p.m : സന്ധ്യാനമസ്ക്കാരം (കത്തീഡ്രൽ)

5.15 p.m. : **വി. കുർബാന** (കത്തീഡ്രൽ)

: കബറിങ്കൽ ധൂപപ്രാർത്ഥന

**ജൂലൈ 14 (ചൊവ്വ)**

4.00 p.m. : **വി. കുർബാന** (കത്തീഡ്രൽ)

5.30 p.m. : സന്ധ്യാനമസ്കാരം (കത്തീഡ്രൽ)

: കബറിങ്കൽ ധൂപപ്രാർത്ഥന

: ശ്ലൈഹിക ആശിർവാദം

**ജൂലൈ 15 (ബുധൻ)**

8.00 a.m. : പ്രഭാത നമസ്ക്കാരം

: ആഘോഷമായ **പൊന്തിഫിക്കൽ കുർബാന** (വിശുദ്ധ സമൂഹബലി)

: കബറിങ്കൽ ധൂപപ്രാർത്ഥന

# The Syro-Malankara Catholic Church
# EPARCHY OF MUVATTUPUZHA

✠Yoohanon Mar Theodosius
Metropolitan of Muvattupuzha

Catholic Bishop's House
Vazhappilly, Mudavoor P.O,
Muvattupuzha - 686 669.

Prot. No. CL 01/2020

## പ്രത്യേക അറിയിപ്പുകൾ

പ്രിയപ്പെട്ട അച്ചൻമാരേ,

അത്യഭിവന്ദ്യ കാതോലിക്കാ ബാവായിൽ നിന്ന് ഇതിനോടകം നമുക്ക് ലഭിച്ച ഹാശാ ആഴ്ച ആചരണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ എല്ലാവരും പാലിക്കുക. അതോട് ചേർത്ത് ഏതാനും കാര്യങ്ങൾ കൂടി പ്രായോഗികമായി നിർദ്ദേശിക്കുന്നു:

1) അത്യഭിവന്ദ്യ കാതോലിക്കാ ബവാ തിരുമേനിയുടെ മേൽപറഞ്ഞ നിർദ്ദേശങ്ങൾ നമ്മുടെ എല്ലാ കുടുംബങ്ങളെയും അറിയിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം.

2) ഹാശാ ആഴ്ചയിലെ നമസ്ക്കാര പുസ്തകം ഇല്ലാത്ത ഭവനങ്ങളിൽ എത്തിച്ച് നൽകുന്നത് നല്ലതായിരിക്കും.

3) സഭാതലത്തിൽ പൊതുവായി Live Streaming നൽകുന്ന സാഹചര്യത്തിൽ അതിന്റെ സമയവും ചാനലിന്റെ വിവരങ്ങളും ജനങ്ങളെ അറിയിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ രൂപതയുടെ യൂട്യൂബ് ചാനൽ ആയ വിമല മീഡിയ (Vimala Media) യിലും Live Streaming ഉണ്ടായിരിക്കുന്നതാണ്. സമയക്രമീകരണങ്ങൾ ബാവാ തിരുമേനിയുടെ കല്പനയിലുള്ളത് ശ്രദ്ധിക്കുമല്ലോ.

4) സഭാതലത്തിൽ Live Streaming ഉള്ളതിനാൽ ഇടവകതലത്തിൽ നടത്തുന്ന ശുശ്രൂഷകൾ സംപ്രേഷണം ചെയ്യേണ്ടതില്ല. ശുശ്രൂഷകളിലുള്ള ഏകാഗ്രതയും സമർപ്പണവും സാക്ഷ്യവും നഷ്ടപ്പെടുത്താൻ ഇത് കാരണമായേക്കാം.

5) നമ്മുടെ കർത്താവിന്റെ പെസഹാചരണവും പൗരോഹിത്യ സ്ഥാപനവും പരസ്പര ബന്ധിതമാണല്ലോ. ആയതിനാൽ, അന്നേദിവസം **ഭദ്രാസനത്തിലെ എല്ലാ വൈദികരും രാവിലെ 11.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ ദിവ്യകാരുണ്യ ആരാധന നടത്തി** നമ്മുടെ പൗരോഹിത്യ ദാനത്തെ ഓർത്ത് ദൈവത്തിന് നന്ദിപറയുകയും ഭദ്രാസനത്തിലെയും സഭയിലെയും വൈദികകൂട്ടായ്മയെ ശക്തിപ്പെടുത്തുകയും ചെയ്യണം.

6) നമ്മുടെ ഭദ്രാസനത്തിലെ സമൃദ്ധിയുടെ നേതൃത്വത്തിൽ മാർച്ച് 31 മുതൽ ഏപ്രിൽ 14 വരെ പെരുമ്പാവൂരിലും പോഞ്ഞാശ്ശേരിയിലുമുള്ള അതിഥി തൊഴിലാളികൾക്ക് 250 ഓളം ഭക്ഷണപൊതികൾ വിതരണം ചെയ്യുന്നുണ്ട്. ഈ കാരുണ്യസ്പർശത്തിൽ ഔദാര്യത്തോടെ പങ്കുചേരാൻ ആഗ്രഹിക്കുന്നവർ ബഹു. ഫാ. തോമസ് പുല്ലുകാലായിലുമായി ദയവായി ബന്ധപ്പെടുക.

ദൈവാനുഗ്രഹം നിറഞ്ഞ ഒരു ഹാശാ ആഴ്ച്ചയും സന്തോഷവും സമാധാനവും നിറഞ്ഞ ഒരു ഉയിർപ്പു പെരുന്നാളും എല്ലാവർക്കും ഹൃദയപൂർവ്വം നേരുന്നു!

സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,

+ Mar Theodosius

മൂവാറ്റുപുഴ അരമന
01.04.2020

✠ **യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്താ.

## The Syro-Malankara Catholic Church
# EPARCHY OF MUVATTUPUZHA

**✠Yoohanon Mar Theodosius**
**Metropolitan of Muvattupuzha**

**Catholic Bishop's House**
**Vazhappilly, Mudavoor P.O,**
**Muvattupuzha - 686 669.**

20 ഏപ്രിൽ 2020

പ്രിയ ബഹു. അച്ചാ,

*ഉത്ഥിതനായ യേശുമിശിഹായുടെ നാമത്തിൽ ഏവർക്കും സ്നേഹ വന്ദനം!*

മനുഷ്യ സമൂഹത്തെ വല്ലാതെ ഗ്രസിച്ചിരിക്കുന്ന കൊറോണ എന്ന പകർച്ച വ്യാധിയെ ഫലപ്രദമായി നേരിടാൻ ലോകമൊന്നാകെ പ്രാർത്ഥിക്കുകയും തീവ്രമായ പരിശ്രമങ്ങൾ നടത്തുകയും ചെയ്യുന്ന കാലഘട്ടമാണിത്. അതിന്റെ ഭാഗമായിട്ടുള്ള ലോക്ഡൗൺ സമൂഹിക–ആത്മീയതലങ്ങളെ സാരമായി ബാധിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ദൈവവിളിക്കായി നാം പ്രത്യേകം പ്രാർത്ഥിക്കേണ്ട അവസരമാണല്ലോ ഇത്. മെയ് മാസം ദൈവവിളി ധ്യാനവും പൗരോഹിത്യാഭിമുഖ്യമുള്ളവരെ അതിലേക്ക് തിരഞ്ഞെടുക്കേണ്ടതുമായിട്ടുണ്ട്. എന്നാൽ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഇക്കാര്യങ്ങളെല്ലാം വളരെ പ്രതിസന്ധിയിലാണ്.

എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും (ജെറമിയ 3:15) എന്ന പ്രവാചകന്റെ സ്വരം പ്രതീക്ഷയുടെ ദൈവസ്വരം തന്നെയാണ്. ഇത്തരുണത്തിൽ, ബഹു. അച്ചൻ നല്ല ദൈവവിളികളെ പ്രാർത്ഥനാപൂർവ്വം കണ്ടെത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. ഈ കത്ത് ലഭിക്കുന്നതോടെ സെമിനാരിയിൽ ചേരുവാൻ താൽപര്യമുള്ള 10–ാം ക്ലാസിലും 12–ാം ക്ലാസിലും പരീക്ഷ എഴുതിയ കുട്ടികളെ കണ്ടെത്തി, അവരുടെ മാതാപിതാക്കളുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ വേണ്ടത് ചെയ്യാൻ താൽപര്യപ്പെടുന്നു.

മൈനർ സെമിനാരിയുടെ റെക്ടർ പെരിയ ബഹു. ഫാ. കുര്യാ

ക്കോസ് നെല്ലാട്ട് ഈ വിഷയം സംബന്ധിച്ച് ബഹു. അച്ചനുമായി ഈ ദിവസങ്ങളിൽ ബന്ധപ്പെടുന്നതായിരിക്കും. ബഹു. അച്ചന്റെ എല്ലാ വിധ സഹായസഹകരണവും പ്രതീക്ഷിക്കുന്നു.

ധാരാളമായ ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥനാപൂർവ്വം
നേർന്നുകൊണ്ട്,

നിങ്ങളുടെ പിതാവ്

+ Mar Theodosius

✠ യൂഹാനോൻ മാർ തെയഡോഷ്യസ്
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്താ.

# The Syro-Malankara Catholic Church
# EPARCHY OF MUVATTUPUZHA

**✠Yoohanon Mar Theodosius**
**Metropolitan of Muvattupuzha**

**Catholic Bishop's House**
**Vazhappilly, Mudavoor P.O,**
**Muvattupuzha - 686 669.**


Prot. No. CL 05/2020

22 മെയ് 2020

## വിഷയം : 2020–21 ലെ ഇടവക കമ്മിറ്റി

പ്രിയ ബഹു. വൈദികരേ, പ്രിയ വിശ്വാസികളേ,

എല്ലാവർക്കും ദൈവനാമത്തിൽ സ്നേഹവന്ദനം! പ്രാർത്ഥനയിൽ എല്ലാവരേയും പ്രത്യേകം ഓർക്കുന്നു. ആഗതമാകുന്ന പെന്തിക്കൊസ്ത്തിപെരുന്നാൾ ഇടവകയിലും കുടുംബങ്ങളിലും പുതിയ ഉണർവ്വിന്റെ അവസരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കോവിഡ്–19 ന്റെ പ്രതിസന്ധി മൂലം ഇടവക ദൈവാലയത്തിൽ പരസ്യ ആരാധനയ്ക്കും കൂടിവരവിനും ഗവൺമെന്റ് നിയന്ത്രണങ്ങൾ വച്ചിരിക്കുന്നത് എത്ര നാൾ നീണ്ടുപോകുമെന്ന് ഇപ്പോൾ പറയാനാകില്ല. ഈ പശ്ചാത്തലത്തിൽ, നമ്മുടെ ഭദ്രാസനത്തിലെ ഇടവക ഭരണം സുഗമമായി നടക്കുന്നതിന് താഴെ പറയുന്നവ പാലിക്കുവാൻ ശ്രദ്ധിക്കുക:

1) അടുത്ത വർഷത്തേക്കുള്ള (2020–21) പുതിയ കമ്മിറ്റി തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതല്ല.

2) നടപ്പു വർഷത്തെ (2019–20) കമ്മിറ്റിയുടെ കാലാവധി 2021 മാർച്ച് 31 വരെ നീട്ടിയിരിക്കുന്നു.

3) ഇടവക തിരട്ട്, ഗവൺമെന്റ് നിയമം അനുശാസിക്കുന്ന ക്രമത്തിൽ കമ്മിറ്റി വിളിച്ച് കൂട്ടി പാസാക്കി, ജൂൺ 15–ന് ഉള്ളിൽ രൂപതാ ഫിനാൻസ് ഓഫീസിലേക്ക് അയയ്ക്കുക. (കമ്മിറ്റി വിളിച്ച് കൂട്ടുവാൻ തീർത്തും അസൗകര്യമാണെങ്കിൽ തിരട്ട് രൂപതാ ഫിനാൻസ് ഓഫീസിലേക്ക് അയയ്ക്കുക. കണക്ക് പിന്നീട് കമ്മിറ്റിയിൽ പാസാക്കാവുന്നതാണ്.)

4) പൊതുയോഗം കൂടുവാൻ പൊതുസമൂഹത്തിൽ നിയമാനുസൃതമായ സാഹചര്യം ഉണ്ടാകുമ്പോൾ പൊതുയോഗം കൂടി കണക്ക് പൊതുയോഗത്തിൽ അവതരിപ്പിക്കാവുന്നതാണ്.

5) അർദ്ധ വാർഷിക തിരട്ട് സമർപ്പിച്ചെങ്കിലും ഒരു വർഷത്തെ മുഴുവൻ കണക്കുകളും വാർഷിക തിരട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ, രണ്ടാം പകുതിയിലെ (2019 ഒക്ടോബർ മുതൽ 2020 മാർച്ച്) വിഹിതങ്ങൾ മാത്രം അരമനയിൽ അടച്ചാൽ മതിയാകും. രൂപതയിൽ അടയ്ക്കേണ്ട വിഹിതങ്ങളുടെ ലിസ്റ്റും തീയതിയും ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1) യുവജന ദിനം | – | ഒക്ടോബർ 4 |
| 2) മിഷൻ ഞായർ | – | ഒക്ടോബർ 18 |
| 3) മാധ്യമ ദിനം | – | നവംബർ 17 |
| 4) ബൈബിൾ ഞായർ | – | ഡിസംബർ 29 |
| 5) കാതോലിക്ക ദിനം | – | ഫെബ്രവരി 2 |
| 6) ബാലസഖ്യദിനം | – | ഫെബ്രവരി 9 |
| 7) വരുമാനത്തിന്റെ 15% | | |

ഇടവക കൂട്ടായ്മയിൽ ബഹു. വികാരി അച്ചൻ ഇക്കാര്യം സാധ്യമാകുന്ന രീതിയിൽ വിശ്വാസികളെ അറിയിക്കേണ്ടതാണ്.

നമ്മുടെ എല്ലാ വൈദികരേയും കുടുംബങ്ങളെയും പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

നിങ്ങളുടെ പിതാവ്,

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്താ.

# സഭാവാർത്തകൾ

## MCYM സഭാതലസംഗമം

MCYM ന്റെ സഭാതല ഭാരവാഹികളുടെ മീറ്റിംഗ് 2020 ഫെബ്രുവരി 20-ാം തീയതി രാവിലെ 11 മണിമുതൽ ഉച്ചയ്ക്ക് 1 - വരെ തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. MCYM സഭാതല ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ നേതൃത്വം നൽകിയ മീറ്റിംഗിൽ വിവിധ ഭദ്രാസനങ്ങളിൽനിന്ന് 15 പ്രതിനിധികൾ പങ്കെടുത്തു.

## വന്ദ്യ ഗീവർഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പാ നിര്യാതനായി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഡൊമസ്റ്റിക് പ്രീലേറ്റ് വന്ദ്യ ഗീവർഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പാ (80) 2020 ഫെബ്രുവരി 29-ന് നിര്യാതനായി. മാർച്ച് 2-ന് മഞ്ചാടിമുക്ക് സെന്റ് ഇഗ്നാത്തിയോസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്ന മൃതസംസ്ക്കാര ശുശ്രൂഷയിൽ സഭയിലെ 14 മെത്രാപ്പോലിത്താമാരും പങ്കെടുത്തു.

ഭാഗ്യസ്മണാർഹനായ ആർച്ച്ബിഷപ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ള വന്ദ്യ കോറെപ്പിസ്കോപ്പാ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറാളായും അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്ററായും ശുശ്രൂഷ ചെയ്തിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ എപ്പിസ്കോപ്പൽ വികാരി, കാതോലിക്കേറ്റ് സെന്ററിന്റെ ഡയറക്ടർ എന്നീ നിലകളിലുംസേവനമനുഷ്ഠിച്ചിരുന്നു.

## ഇരുപത്തിനാലാമത് സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഇരുപത്തിനാലാമത് സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ അധ്യക്ഷതയിൽ 2020 മാർച്ച് 2 മുതൽ 5 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ തിരുവനന്തപുരം

പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. സഭയിലെ എല്ലാ മെത്രപ്പോലിത്താമാരും ഇതിൽ സംബന്ധിച്ചു. ഫെബ്രുവരി 29 മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം പാങ്ങോട് OCD ആശ്രമത്തിൽ പരി. സുന്നഹദോസിന് ഒരുക്കമായി നടന്ന ധ്യാനത്തിൽ സുന്നഹദോസ് അംഗങ്ങൾ പങ്കെടുത്തു.

പരി. സുന്നഹദോസിനോടനുബന്ധിച്ച് 3-ാം തീയതി സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിമാരുമായി പരി. സുന്നഹദോസ് പിതാക്കന്മാർ കൂടിക്കാഴ്ച നടത്തി. തുടർന്ന്, 4-ാം തീയതി മേജർ സുപ്പീരിയേഴ്സുമായി കൂടിക്കാഴ്ച നടത്തി.

## ബഹു. ഏബ്രഹാം കരിമ്പനാമണ്ണിൽ അച്ചന് റമ്പാൻ സ്ഥാനം നൽകി

തിരുവല്ലാ അതിഭദ്രാസനാംഗവും ദൈവദാസൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് കബർ ചാപ്പലിലെ കുമ്പസാരക്കാരനുമായ ബഹു. എബ്രഹാം കരിമ്പനാമണ്ണിൽ അച്ചന് 2020 മാർച്ച് 7-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ റമ്പാൻസ്ഥാനം നൽകി ആദരിച്ചു.

# ഭദ്രാസന വാർത്തകൾ

## അനുഗ്രഹമായി പ്രഥമ മൂവാറ്റുപുഴ ബൈബിൾ കൺവൻഷൻ

മൂവാറ്റുപുഴ രൂപതയുടെ ആഭിമുഖ്യത്തിൽ ഒരു ബൈബിൾ കൺവൻഷൻ നടത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിനായുള്ള പ്രഥമ ആലോചനായോഗം 2020 ജനുവരി 15-ാം തീയതി മൂവാറ്റുപുഴ വിമലഗിരി അരമനയിൽ ചേർന്നു. അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പിറവം മൂവാറ്റുപുഴ മേഖലകളിലെ വൈദികരും ഇടവക പ്രതിനിധികളുമടക്കം 62 പേർ സംബന്ധിച്ചു. പ്രസ്തുത യോഗത്തിൽ ഈ കൺവൻഷന് മൂവാറ്റുപുഴ ബൈബിൾ കൺവൻഷൻ എന്ന് പേര് നൽകാം എന്ന് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് നിർദ്ദേശിച്ചു. മാർച്ച് മാസം 6, 7, 8, 9 തീയതികളിൽ നടക്കുന്ന കൺവൻഷൻ മൗണ്ട് കാർമ്മൽ മിനിസ്ട്രീസ് ഡയറക്ടർ ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിക്കും എന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു. കൺവൻഷന്റെ ജനറൽ കൺവീനറായി ബഹു. മോൺ. ചെറിയാൻ ചെന്നിക്കര അച്ചനെയും കോ-കൺവീനേഴ്സായി ശ്രീ.

വി.സി ജോർജ്ജുകുട്ടിയെയും ശ്രീ. ചാക്കോ ടി. വർഗീസിനനെയും തിരഞ്ഞെടുത്തു. തുടർന്ന് കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ചെയർമാൻമാരെയും കൺവീനർമാരെയും തിരഞ്ഞെടുത്തു. കൺവൻഷൻ അനുഗ്രഹപ്രദമാകുവാൻ എല്ലാവരും ദിവസവും 10 കൃപനിറഞ്ഞ മറിയമേ എന്ന പ്രാർഥന ചൊല്ലണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. അടുത്ത ആലോചനായോഗം ജനുവരി 28-ാം തീയതി കൂടാൻ തീരുമാനിച്ച് യോഗം പിരിഞ്ഞു. കൺവൻഷനെക്കുറിച്ചുള്ള ഔദ്യോഗിക അറിയിപ്പായി അഭിവന്ദ്യ പിതാവിന്റെ സർക്കുലർ എല്ലാ ഇടവകകളിലേക്കും അയച്ചു. കൺവൻഷന് ഒരുക്കമായുള്ള പ്രാർത്ഥനയും തയ്യാറാക്കി എല്ലാ ഇടവകകളിലേക്കും അയച്ചു നൽകി.

2020 ജനുവരി മാസം 28-ാം തീയതി അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ വിമലഗിരി അരമനയിൽ ചേർന്ന യോഗത്തിൽ 35 പേർ പങ്കെടുത്തു. കൺവൻഷൻ നടത്തിപ്പിനായി രൂപീകരിച്ച 15 കമ്മിറ്റികളുടെയും ചെയർമാൻമാർ തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു. എല്ലാ ദൈവാലയങ്ങളിലും കൺവൻഷന് ഒരുക്കമായി ധ്യാനങ്ങളും ആരാധനയും സംഘടിപ്പിക്കാൻ തീരുമാനിച്ചു. മൂവാറ്റുപുഴ മേഖലയിൽ കത്തീഡ്രൽ ദൈവാലയത്തിലും പിറവം മേഖലയിലെ പെരുവ ഇടവകയിലും ഒരുക്ക ധ്യാനങ്ങൾ നടത്താൻ തീരുമാനിച്ചു. കൺവൻഷന്റെ ഓരോ ദിവസവും അഭി. പിതാക്കൻമാരെ വി. കുർബാനയർപ്പണത്തിനായി ക്ഷണിക്കുവാൻ തീരുമാനിച്ചു. കെ.എസ്.ആർ. ടി.സി. ബസ് സർവ്വീസ് ക്രമീകരിക്കുന്നതിനെക്കുറിച്ചും ചിന്തിച്ചു.

2020 ഫെബ്രുവരി മാസം 11-ാം തീയതി മൂവാറ്റുപുഴ പ്രദേശത്തുള്ള വിവിധ കത്തോലിക്കാ റീത്തുകളിലെ ബഹു. വികാരി അച്ചൻമാരുടെയും സന്യസ്തരുടെയും ഒരു സംയുക്തയോഗം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ വിമലഗിരി അരമനയിൽ ചേർന്നു. 18 ഓളം പേർ ഇതിൽ സംബന്ധിച്ചു. കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിന് ഏവരുടെയും സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തു.

2020 ഫെബ്രുവരി മാസം 11-ാം തീയതി മൂവാറ്റുപുഴ അരമനയിൽ ചേർന്ന യോഗത്തിൽ 24 പേർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ കൺവൻഷന്റെ നോട്ടീസ്, പോസ്റ്റർ, ഹോർഡിംഗ്സ് തുടങ്ങിയവ തയ്യാറായതായി അറിയിച്ചു. ഫെബ്രുവരി 29-ാം തീയതിക്ക് മുമ്പായി എല്ലാ ദൈവാലയങ്ങളിലും എത്തിക്കാനും തീരുമാനിച്ചു. 100 ഓളം വോളന്റിയേഴ്സിന്റെ സഹായം ഉറപ്പ് വരുത്തുകയും ചെയ്തു.

2020 ഫെബ്രുവരി 26-ാം തീയതി അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 27 പേർ സംബന്ധിച്ചു. പ്രസ്തുത യോഗം കൺവൻഷന്റെ ഇതുവരെയുള്ള എല്ലാ ഒരുക്കങ്ങളെക്കുറിച്ചും വിലയിരുത്തി. കൺവൻഷൻ ഏറ്റം അനുഗ്രഹപ്രദമാകുവാൻ കൂടുതൽ തീക്ഷണതയോടെ എല്ലാവരും പ്രാർത്ഥിക്കാൻ അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. മാർച്ച് 6-ാം തീയതി കൺവൻഷൻ പന്തൽ കൂദാശചെയ്യാൻ തീരുമാനിച്ചു. കൺവൻഷന് വരുന്ന വാഹനങ്ങൾ അരമനയോട് ചേർന്നുള്ള ഗ്രൗണ്ടിലും, വിമലഗിരി സ്കൂൾ ഗ്രൗണ്ടിലും, പേഴക്കപ്പിള്ളിയിലെ സ്ഥലത്തും, മുൻസിപ്പൽ ഗ്രൗണ്ടിലും പാർക്ക് ചെയ്യാൻ നിർദ്ദേശിച്ചു. കൺവൻഷന് മുന്നോടിയായി ഒരു പത്രസമ്മേളനം നടത്താനും തീരുമാനിച്ചു. കൺവൻഷന്റെ ഓരോ ദിവസത്തെയും റിപ്പോർട്ട് അടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ നൽകാനും തീരുമാനിച്ചു.

ഓരോ കമ്മിറ്റിയും ഈ കാലയളവിൽ കുറഞ്ഞത് 5 തവണയെങ്കിലും ഒന്നിച്ചുകൂടി തങ്ങളുടെ ദൗത്യം വിലയിരുത്തി.

2020 ഫെബ്രുവരി മാസം 20-ാം തീയതി കൺവൻഷൻ പന്തലിന്റെ കാൽനാട്ട് കർമ്മം അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത നിർവഹിച്ചു.

കൺവൻഷന്റെ ആദ്യദിനമായ മാർച്ച് 6-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 അഭിവന്ദ്യ പിതാവ് കൺവൻഷൻ പന്തൽ കൂദാശചെയ്തു. പിറവം - മൂവാറ്റുപുഴ മേഖലകളിലെ ബഹു. വൈദികരും സന്യസ്തരും വിശ്വാസികളും ഇതിൽ സന്നിഹിതരായിരുന്നു. വൈകിട്ട് 4.30 ജപമാലയോടുകൂടി കൺവൻഷന് തുടക്കമായി. ജപമാലയ്ക്കുശേഷം നടന്ന സമൂഹബലിയിൽ കോതമംഗലം രൂപത മെത്രാപ്പോലീത്ത മാർ ജോർജ് മഠത്തികണ്ടത്തിൽ മുഖ്യകാർമ്മികനായിരുന്നു. ദൈവവചനം സ്വാംശീകരിച്ച് ആത്മീയ ശക്തിയിൽ ജീവിക്കുവാൻ ഈ കൺവൻഷൻ ഉപകരിക്കട്ടെയെന്ന് അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് ആശംസിച്ചു. മാമോദീസ സ്വീകരിച്ചവർ എല്ലാവരും അയയ്ക്കപ്പെട്ടവരാണെന്നും കർത്താവിനോട് ചേർന്ന് ദൈവഹിതം തിരച്ചറിയുവാനുള്ള ഒരവസരമാക്കി ഈ കൺവൻഷൻ മാറ്റണമെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. തുടർന്ന് അഭിവന്ദ്യ പിതാവ് ബൈബിൾ പ്രതിഷ്ഠ നടത്തുകയും പ്രഥമ മൂവാറ്റുപുഴ ബൈബിൾ കൺവൻഷന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

മൂവാറ്റുപുഴ ബൈബിൾ കൺവൻഷന്റെ രണ്ടാം ദിനമായ 7-ാം

തീയതി ശനിയാഴ്ച്ച മൂവാറ്റുപുഴ രൂപതയുടെ മുൻഅദ്ധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് പിതാവ് വി. കുർബാന അർപ്പിച്ചു. ദൈവവചനമാകുന്ന മന്ന ഹൃദയത്തിൽ അനുദിനം സ്വീകരിക്കണമെന്ന് അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു. തുടർന്ന് റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ, റവ. ഫാ. ബിനോജ് മുളവരിക്കൽ എന്നിവർ വചന സന്ദേശം നൽകി.

വിജയപുരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. സെബാസ്റ്റ്യൻ തെക്കേത്തച്ചേരിലാണ് കൺവൻഷന്റെ മൂന്നാം ദിനമായ 8–ാം തീയതി വി. കുർബാനയർപ്പിച്ചത്. പ്രതിബന്ധങ്ങൾ വിശ്വാസത്തെ പ്രതി ഏറ്റെടുക്കുവാൻ ദൈവജനം തയ്യാറാകണമെന്നും ലോകത്തിന്റെ ഭൗതീക നേട്ടങ്ങൾക്ക് പുറകെ പോകാതെ ദൈവാഭിമുഖ്യത്തിലും സാഹോദര സ്നേഹത്തിലും നാം ജീവിക്കണമെന്നും അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു.

കൺവൻഷന്റെ സമാപന ദിനത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് വി. കുർബാനയർപ്പിച്ച് സമാപന സന്ദേശം നൽകി. ശബ്ദിക്കാൻ കഴിയാതെ ഉദരത്തിൽ വധിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ കരച്ചിലുകൾക്ക് നാം ഉത്തരം പറയേണ്ടിവരുമെന്നും മനുഷ്യ ജീവനെതിരെ തിന്മയുടെ ശക്തികൾ പ്രവർത്തിക്കുന്ന ഈ ലോകത്തിൽ ജീവൻ നിലനിർത്തുന്ന നന്മയുടെ കരങ്ങളായി സഭാമക്കൾ നിലകൊള്ളണമെന്നും അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു.

അടുത്ത വർഷം 2021 ജനുവരി 25, 26, 27, 28 തീയതികളിൽ ദ്വിതീയ മൂവാറ്റുപുഴ ബൈബിൾ കൺവൻഷൻ നടക്കുമെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു. ജനറൽ കൺവീനർ വികാരി ജനറാൾ മോൺ. ചെറിയാൻ ചെന്നിക്കര ഏവർക്കും നന്ദിയർപ്പിച്ചു.

## കൊവിഡ്–19 രോഗബാധിതർക്കായി പ്രത്യേക ആരാധന

ഭീതികരമാം വിധം വർദ്ധിച്ച കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ 2020 മാർച്ച് 20, പകുതി നോമ്പ് ദിനത്തിൽ കൊവിഡ്–19 രോഗബാധിതർക്കായി പ്രത്യേക ആരാധനയും പ്രാർത്ഥനയും മൂവാറ്റുപുഴ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ആരാധനയ്ക്ക് റവ. ഫാ. ജോസഫ് കുടിലിൽ നേതൃത്വം നൽകി. അഭിവന്ദ്യ പിതാവും പെരിയ ബഹു. മോൺ. ചെറിയാൻ ചെന്നിക്കരയും അരമനയിലെ വൈദികരും വൈദികവിദ്യാർത്ഥികളും സന്യസ്തരും ഇതിൽ പങ്കുചേർന്നു.

## ജൂലിയോസ് പിതാവിന്റെ ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു

അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ ജൂലിയോസ് പിതാവ് രചിച്ച പുതിയ ഗ്രന്ഥം ബൈബിൾ പ്രതീകങ്ങൾ (Biblical Symbols) പ്രകാശനം ചെയ്തു. 2020 മാർച്ച് 5ന് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപനാവസരത്തിൽ അഭിവന്ദ്യ ബാവാ തിരുമേനി പുസ്തകം പ്രകാശനം ചെയ്തു. വി. ഗ്രന്ഥത്തിലെ തിരഞ്ഞെടുത്ത 50 പ്രതീകങ്ങൾ ആണ് പ്രതിപാദ്യ വിഷയം. ദൈവവചനം (Word of God), ദൈവശാസ്ത്രം (Theology), സഭാശാസ്ത്രം (Ecclesiology), ആരാധനക്രമം (Liturgy), ക്രിസ്തീയകലകൾ (Iconography), ആത്മീയത (Spirituality) എന്നിവയുമായി ബന്ധപ്പെട്ട 50 പ്രതീകങ്ങൾ ഇംഗ്ലീഷ് അക്ഷരമാലക്രമത്തിൽ ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. ബൈബിൾ വിദ്യാർത്ഥികൾക്കും സുവിശേഷ പ്രസംഗകർക്കുമെല്ലാം ഈ ഗ്രന്ഥം പ്രയോജനപ്പെടുമെന്ന് വിശ്വസിക്കുന്നു. Kerala Catholic Bible Society ആണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ ജൂലിയോസ് പിതാവ് രചിച്ച പുതിയ ഗ്രന്ഥം Searching the Scriptures പ്രസിദ്ധികരിച്ചു. വി. ഗ്രന്ഥവും ദൈവശാസ്ത്രവുമായി ബന്ധപെട്ട 20 ഈടുറ്റ ലേഖനങ്ങളുടെ സമാഹാ രമാണ് ഈ ഗ്രന്ഥം. Malankara Academy Publications, Trivandrum ആണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

## ഐക്യദീപം തെളിയിക്കൽ

കോവിഡ്-19 എന്ന അന്ധകാരത്തെ കീഴടക്കുന്നു എന്നതിനെ സൂചിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി ആഹ്വാനം ചെയ്ത ഐക്യദീപം തെളിയിക്കൽ വിമലഗിരി അരമനയിൽ നടത്തപ്പെട്ടു. 2020 ഏപ്രിൽ 5 ന് രാത്രി 9 മണിക്ക് വാദെ ദൽമിനോ ശുശ്രൂഷയ്ക്ക് ശേഷമാണ് ഐക്യ ദീപം തെളിയിച്ചത്. വെളിച്ചം സത്യപ്രകാശമായ ക്രിസ്തുവിനെ സൂചി പ്പിക്കുന്നു എന്നും ക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട് മാത്രമാണ് ഈ വിപത്തിനെ നേരിടാൻ നമുക്ക് സാധിക്കുകയുള്ളൂ എന്നും അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് പറഞ്ഞു.

## ഭാരതത്തിനും ലോകം മുഴുവനുമായുള്ള പ്രാർത്ഥന

ഈസ്റ്റർ ദിനത്തിൽ ഉച്ചയ്ക്ക് 12 മുതൽ 12.30 വരെ എല്ലാ കത്തോലിക്കരും ഭാരതത്തിനും ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കണമെന്ന സി.ബി.സി.ഐ. യുടെ നിർദ്ദേശമനുസരിച്ച് മുവാറ്റുപുഴ വിമലഗിരി അരമനയിൽ അഭിവന്ദ്യ യൂഹാനോൻ മാർ

തെയഡോഷ്യസ് പിതാവിന്റെയും അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് പിതാവിന്റെയും നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. ബഹു. വൈദികരും സന്യസ്തരും വൈദിക വിദ്യാർത്ഥികളും പ്രാർത്ഥനയിൽ സംബന്ധിച്ചു.

## നാമഹേതുക തിരുന്നാൾ ആഘോഷിച്ചു

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്ത അഭി. ഏബ്രഹാം മാർ ജൂലിയോസ് പിതാവിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ മാർ ജൂലിയോസ് പാപ്പായുടെ തിരുന്നാൾ മൂവാറ്റുപുഴ ഭദ്രാസന കാര്യാലത്തിൽ ആഘോഷിച്ചു. ഉച്ചയോടുകൂടെ അരമനയിലേക്ക് കടന്നുവന്ന അഭി. ജൂലിയോസ് പിതാവിനെ അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് ഷാൾ അണിയിച്ച് സ്വീകരിച്ചു. ഉച്ചപ്രാർത്ഥ നയ്ക്കുശേഷം നാമഹേതുകതിരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി കേക്ക് മുറിക്കകയും തുടർന്ന് പെരിയ ബഹു. മോൺ. ചെറിയാൻ ചെന്നിക്കര അഭിവന്ദ്യ ജൂലിയോസ് പിതാവിന് നാമഹേതുക തിരുന്നാൾ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു. തന്നെ ഓർത്ത് പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്ത ഏവർക്കും അഭിവന്ദ്യ ജൂലിയോസ് പിതാവ് നന്ദിയർപ്പിച്ചു.

## തിമോത്തിയോസ് തിരുമേനിയുടെ ഒന്നാം ഓർമ്മതിരുന്നാൾ

ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ ഒന്നാം ഓർമ്മതിരുന്നാൾ ദിനമായ ജൂൺ 4-ന് മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിലെ വന്ദ്യ തിമോത്തിയോസ് തിരുമേനിയുടെ കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തി പ്രാർത്ഥിച്ചു.

## മാർ മാത്യു ആനിക്കുഴിക്കാട്ടിൽ കാലം ചെയ്തു

ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ മാത്യു ആനി ക്കുഴികാട്ടിൽ പിതാവ് 2020 മെയ് 1-ന് പുലർച്ചെ 2 മണിക്ക് കാലം ചെയ്തു. ലോക്ഡൗൺ മൂലം മൃതസംസ്ക്കാര ശുശ്രൂഷയിൽ സംബ ന്ധിക്കുന്നതിൽ വിലക്കുള്ളതിനാൽ അഭിവന്ദ്യ യൂഹാനോൻ മാർ തെയ ഡോഷ്യസ് മെത്രാപ്പോലീത്തായും പെരിയ ബഹു. മോൺ. ചെറിയാൻ ചെന്നിക്കരയും 2020 മെയ് 3, തിങ്കളാഴ്ച്ച മൂവാറ്റുപുഴ നിർമ്മല ആശു പത്രിയിൽ സൂക്ഷിച്ചിരുന്ന ഭൗതീക ശരീരം സന്ദർശിച്ച് അന്തിമോപ ചാരം അർപ്പിച്ച് പ്രാർത്ഥിച്ചു.

## ശെമ്മാശപട്ടം സ്വീകരിച്ചു

മൂവാറ്റുപുഴ രൂപതയ്ക്കായി അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായിൽ നിന്നും വിമലഗിരി അരമന ചാപ്പലിൽ വച്ച് ബ്രദർ വർഗീസ് കിഴക്കൂടൻ 2020 മെയ് 30 ന് ശെമ്മാശപട്ടം സ്വീകരിച്ചു.

## പ്രഥമവ്രത വാഗ്ദാനം

മൂവാറ്റുപുഴ ബഥനി പ്രൊവിൻസിനുവേണ്ടി ചുവന്നമണ്ണ് ഇടവകയിൽ നിന്നും സി. ഐറിനും, പെരുമ്പടവം ഇടവകയിൽ നിന്നും സി. ബെറ്റ്സിയും 2020 ജൂൺ 2 ന് മൂവാറ്റുപുഴ വിമലഗിരി അരമനയിൽ വച്ച് അഭിവന്ദ്യ തെയഡോഷ്യസ് പിതാവിന്റെ മുമ്പാകെ പ്രഥമ വ്രതവാഗ്ദാനം നടത്തി സന്യാസ വസ്ത്രം സ്വീകരിച്ചു.

## ഫിനാൻസ് കൗൺസിലിന്റെ യോഗം

രൂപതാ ഫിനാൻസ് കൗൺസിലിന്റെ ഒരു യോഗം 2020 ജൂൺ 12–ാം തീയതി വെള്ളിയാഴ്ച്ച രാവിലെ 9 മണിക്ക് വിമലഗിരി അരമനയിൽ വച്ച് നടത്തപ്പെട്ടു. ഫിനാൻസ് കൗൺസിൽ സെക്രട്ടറി വെരി റവ. ഫാ. ജോർജ് കൊച്ചുപുരയ്ക്കൽ സ്വാഗതം ആശംസിക്കുകയും കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഭദ്രാസനത്തിന്റെ സാമ്പത്തിക നിലവാരത്തെക്കുറിച്ച് യോഗം വിലയിരുത്തുകയും ബലിഷ്ഠമായ ഒരു സാമ്പത്തിക അടിത്തറ ഭദ്രാസനത്തിന് ഉണ്ടാകുന്നതിന് ആവശ്യമായ ചർച്ചകളും തീരുമാനങ്ങളും യോഗം കൈക്കൊള്ളുകയും ചെയ്തു. സമിതിയംഗങ്ങൾ എല്ലാവരും സംബന്ധിച്ച യോഗത്തിന് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

## രൂപതാ ആലോചനാസമിതി യോഗം

രൂപതയുടെ ആലോചനാ സമിതി യോഗം 2020 ജൂൺ 12–ാം തീയതി വ്യാഴാഴ്ച്ച രാവിലെ 11 മണിക്ക് വിമലഗിരി അരമനയിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസനനത്തിന്റെ കാര്യക്ഷമമായ വളർച്ചയ്ക്കാവശ്യമായ ചർച്ചകളും തീരുമാനങ്ങളും യോഗത്തിൽ കൈക്കൊണ്ടു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വെരി. റവ. ഡോ. തോമസ് മുതലപ്ര സ്വാഗതം ആശംസിക്കുകയും തുടർന്ന് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. ഉച്ച പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

## സ്ഥാനാരോഹണ വാർഷികം ആഘോഷിച്ചു

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ തൃതീയ മെത്രാപ്പോലീത്തയായി ചുമതലയേറ്റ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ വാർഷികം 2020 ജൂൺ 12ന് മൂവാറ്റുപുഴ വിമലഗിരി അരമനയിൽ വച്ച് ആഘോഷിച്ചു. അഭിവന്ദ്യ ഏബ്രാഹാം മാർ ജൂലിയോസ് മെത്രാപ്പിലീത്ത സന്നിഹിതനായിരുന്നു. വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര അഭിവന്ദ്യ പിതാവിന് ആശംസകൾ നേർന്ന് സംസാരിച്ചു.

## ലോക്ഡ് അല്ലാത്ത ലോക്ഡൗൺ കാലം

2020 മാർച്ചിൽ ആരംഭിച്ച ലോക്ഡൗൺ കാലം ആത്മീതയിലേക്കും പ്രകൃതിയിലേയ്ക്കുമുള്ള ആഴപ്പെടലിന്റ അവസരമായി. ലോക്ഡൗൺ ആരംഭിച്ചതുമുതൽ എല്ലാദിവസവും രൂപതാ കാര്യാലയത്തിൽ തിരുമണിക്കൂർ ആരാധന നടത്തുകയും കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഒഴിവ് സമയങ്ങളിൽ അഭിവന്ദ്യ പിതാവും, വൈദികരും, വൈദികവിദ്യാർത്ഥികളും അരമനയോട് ചേർന്നുള്ള സ്ഥലത്ത് കൃഷിപ്പണികളിലും വ്യാപൃതരായി. കത്തോലിക്കാസഭയുടെ പാരമ്പര്യമനുസരിച്ച് മാതൃഭക്തിക്കായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന മെയ് മാസം പരി. അമ്മയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും എല്ലാദിവസവും നടത്തിയിരുന്നു.

## മാർ തെയോഫിലോസ് അനുസ്മരണം

മാർ തെയോഫിലോസ് പിതാവിന്റ ഓർമ്മ തിരുനാൾ ദിനമായിരുന്ന ജൂൺ 27 ന് അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ ഓർമ്മ കുർബാനയും ധൂപപ്രാർത്ഥനയും നടത്തി. അരമനയിലെ ബഹു. വൈദികർ വി. കുർബാനയ്ക്കു സഹകാർമ്മികരായിരുന്നു. മൈനർ സെമിനാരി റെക്ടർ വെരി. റവ. ഫാ. കുര്യാക്കോസ് നെല്ലാട്ട് അനുസ്മരണ സന്ദേശം നൽകി

## സ്ഥലം മാറ്റം

മൂവാറ്റുപുഴ വിമലഗിരി അരമനയിൽ ഹൗസ് മിനിസ്റ്ററായി ശുശ്രൂഷ ചെയ്തു വന്ന ബഹു. സി. ക്യാൻഡിഡ ഡി.എം. 2020 ജൂൺ 2-ന് പുതിയ ശുശ്രൂഷമേഖലയിലേക്ക് മാറിപോയി. പുതുതായി ബഹു. സി. പ്രീത ഡി.എം ഹൗസ് മിനിസ്റ്ററായി ചുമതല ഏറ്റെടുത്തു.

# കൂരിയ വാർത്തകൾ

## തൊടുപുഴ മിഷൻ മൂവാറ്റുപുഴ രൂപതയുടെ ഭാഗമായി

തിരുവല്ല രൂപതയുടെ ഭാഗമായിരുന്ന തൊടുപുഴ മിഷൻ അജപാലന സൗകര്യം കണക്കിലെടുത്ത് മൂവാറ്റുപുഴ രൂപതയ്ക്ക് 2020 ഫെബ്രുവരി 9-ാം തീയതി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ വിട്ട് നൽകി. മൂവാറ്റുപുഴ രൂപതയുടെ ഭാഗമായി തീർന്ന തൊടുപുഴ മിഷന്റെ ചുമതല റവ. ഫാ. ജോസഫ് കുടിലിലിനെ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ഭരമേൽപ്പിച്ചു.

## കൂരിയാ മീറ്റിംങ്ങുകൾ

രൂപതയുടെ ദൈനംദിനകാര്യങ്ങളെക്കുറിച്ച് കൂടി ആലോചിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി 2020 ഫെബ്രുവരി 26, മാർച്ച് 23, മെയ് 19, ജൂൺ 8 തുടങ്ങിയ തീയതികളിൽ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഭദ്രാസന കാര്യാലയത്തിൽ കൂരിയാ മീറ്റിംങ്ങുകൾ ചേർന്നു.

## Appointments & Transfers

| | | |
|---|---|---|
| V. Rev. Msgr. Cherian Chennikkara | - | Bursar & PRO, Vimalagiri International School, Muvattupuzha. |
| V. Rev. Fr. Thomas Parakkal | - | Judicial Vicar & Presiding Judge Marriage Tribunal of the Eparchy. |
| V. Rev. Fr. Geroge Kochupurackal | - | Vicar, St. Mary's Malankara Catholic Church, Mazhuvannoor. |
| V. Rev. Fr. Thomas Njarakkatt | - | Manager, Malankara Center, Ernakulam. |
| Rev. Fr. Wilson Velickakath | - | Manager, Estate at Vadakkencherry. |
| Rev. Fr. Paul Karamel Koyickal | - | Notary, Marriage Tribunal |
| Rev. Fr. Joseph Kudilil | - | Incharge, St. Thomas Malankara Catholic Mission, Thodupuzha.<br>Director, St. Jude Charitable |

| | |
|---|---|
| | Home, Vadacode. |
| | - Assistant to Rev. Fr. Chancellor. |
| Rev. Fr. George Arackamyalil | - Vicar, St. Thomas Malankara Catholic Church, Valakam |
| | - Vicar, St. Peter's & St. Paul's Malankara Catholic Church, Thammanimattom. |

# മൈനർ സെമിനാരി വാർത്തകൾ

## ഹെവുപ്പദിയക്ക്നൊ പട്ടം സ്വീകരിച്ചു

മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി ദൈവശാസ്ത്ര പഠനം നടത്തി വന്ന ബ്രദർ ജോസഫ് പുല്ലുകാലായിലും ബ്രദർ ആന്റണി വേങ്ങ നിൽക്കുന്നതിലും അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായിൽ നിന്നും വിമലഗിരി അരമന ചാപ്പലിൽ വച്ച് 2020 മെയ് 30–ന് ഹെവുപ്പദിയക്ക്നോ പട്ടം സ്വീകരിച്ചു.

## പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭം

ഗുരുസന്നിധി മൈനർ സെമിനാരിയുടെ പുതിയ അദ്ധ്യയന വർഷ ത്തിന്റെ ആരംഭം *സ്കോള ബ്രവിസ്* 2020 ജൂൺ 8ന് അഭിവന്ദ്യ യൂഹാ നോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. മൈനർ സെമിനാരി റെക്ടർ വെരി. റവ. കുര്യാക്കോസ് നെല്ലാട്ട് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കര ആശം സകൾ നേർന്ന് സംസാരിച്ചു. രൂപതാ പ്രൊക്യുറേറ്റർ റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ, റവ. ഫാ. ജോർജ്ജ് മാരാങ്കണ്ടം, റവ. ഫാ. ജോർജ്ജ് അറയ്ക്കമ്യാലിൽ എന്നിവർ സന്നിഹിതരായിരുന്നു.

## വൈദിക പരിശീലനം ആരംഭിച്ചു

മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി ബ്രദർ അലൻ കളക്കുടി 2020 ജൂൺ 21ന് ഗുരുസന്നിധിയിൽ മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. ബ്രദർ അലൻ കച്ചിത്തോട് ഇടവ കാംഗമാണ്.

## വൈദികവിദ്യാർത്ഥികൾക്കുള്ള ക്ലാസുകൾ ആരംഭിച്ചു

കോവിഡ്–19 –ന്റെ പശ്ചാത്തലത്തിൽ മേജർ സെമിനാരിയിലെ ക്ലാസുകൾ ആരംഭിക്കാൻ വൈകുന്നതിനാൽ മേജർ സെമിനാരി വി ദ്യാർത്ഥികൾക്കുള്ള വിവിധ ക്ലാസ്സുകൾ ഗുരുസന്നിധി മൈനർ സെമി

നാരിയിൽ നടത്തപ്പെട്ടു. ജൂൺ 1-ന് ആരംഭിച്ച ക്ലാസുകൾ 30-ന് അവസാനിക്കും. ക്ലാസുകളുടെ ചുമതല രൂപതാ ചാൻസിലർ വെരി. റവ. ഡോ. തോമസ് മുതലപ്രയ്ക്കാണ്. അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവും അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് പിതാവും വെരി. റവ. മോൺ. ചെറിയാൻ ചെന്നിക്കരയും മറ്റു വൈദികരും ക്ലാസുകൾക്കു നേതൃത്വം നൽകുന്നു. ജൂലൈ 1 മുതൽ മേജർ സെമിനാരിയിൽ നിന്നും ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുമെന്ന് മേജർ സെമിനാരി റെക്ടർ വെരി. റവ. ഡോ. സണ്ണി മാത്യു അറിയിച്ചു.

# ബൈബിൾ അപ്പസ്തോലേറ്റ് വാർത്തകൾ

## ലോഗോസ് ക്വിസ് 2020

സെപ്റ്റംബർ മാസം നടത്താനിരുന്ന ലോഗോസ് ക്വിസ് പരീക്ഷ കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 4-ാം തീയതിയായിരിക്കും നടത്തപ്പെടുക. ലോഗോസ് ക്വിസിന് രജിസ്റ്റർ ചെയ്യാനുള്ള സമയപരിധി ഓഗസ്റ്റ് 15 ന് അവസാനിക്കും. ഈ വർഷത്തെ പഠന വിഷയം: നിയമാവർത്തനം 22- 34; പ്രഭാഷകൻ 18- 22; മർക്കോസ് 1- 8; 1 കോറിന്തോസ് 1- 8.

## ലോഗോസ് ഫാമിലി ക്വിസ്

ലോഗോസ് ഫാമിലി ക്വിസിൽ ഒരു കുടുംബത്തിലെ മൂന്ന് പേർക്ക് അപ്പൻ, അമ്മ, മകൻ/മകൾ എന്നിവർക്ക് മാത്രമാണ് പങ്കെടുക്കാൻ സാധിക്കുന്നത്. ലോഗോസ് ഫാമിലി ക്വിസിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ പേരു വിവരം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി ബൈബിൾ പ്രേഷിത കാര്യാലയത്തിൽ അറിയിക്കണം.

## ലോഗോസ് പഠന ആപ്പ് ലോഞ്ചിംഗ്

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ മലങ്കര സഭയ്ക്കായി ലോഗോസ് ക്വിസ് 2020 എന്ന പേരിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ ബൈബിൾ പഠന ആൻഡ്രോയിഡ് ആപ്പ് പുറത്തിറങ്ങി. കേരള കത്തോ ലിക്കാ സഭയുടെ ബൈബിൾ പ്രേഷിതാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസിന് തയ്യാറെടുക്കുന്നവർക്കു സഹായകരമായ രീതിയിയിലാണ് ഈ ആപ്പ് നിർമിച്ചിരിക്കുന്നത്. റവ. ഫാ. ബേസിൽ കല്ലംപിള്ളിയുടെ നേതൃത്വത്തിൽ ശ്രീ. രോഹിത് മാത്യൂസാണ് ബൈബിൾ പഠന ആപ്പ് നിർമിച്ചിരിക്കുന്നത്. 2020 ജൂൺ 20 മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ

ബൈബിൾ പഠന ആപ്പ് ലോഞ്ച് ചെയ്തു. ഇത് തയ്യാറാക്കുന്നതിനായി പ്രയത്നിച്ച ഫാ. അഗസ്റ്റിൻ തടവിള, ഫാ. ബേസിൽ കല്ലംപിള്ളി, ശ്രീ. രോഹിത് മാത്യൂസ്, കമ്മാൻഡർ തോമസ് കോശി, ശ്രീ. ഷിബു രാജു സക്കറിയ, കരോൾ രോഹിത് എന്നിവരെ ആദരിച്ചു. ജൂൺ 20 മുതൽ ഗൂഗിൾ പ്ലേ സ്റ്റോറിൽ  ഇത് ലഭ്യമാണ്.

## ലോഗോസ് ക്വിസ് പുസ്തകം പ്രകാശനം ചെയ്തു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സഭാതല ബൈബിൾ കമ്മിഷന്റെ നേതൃത്വത്തിൽ പുറത്തിറക്കിയ 'ലോഗോസ് ക്വിസ്' മലയാളം പതിപ്പ് ബൈബിൾ കമ്മീഷൻ ചെയർമാൻ ഡോ. എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്ത വികാരി ജനറാൾ വെരി റവ. മോൺ. ചെറിയാൻ ചെന്നിക്കരയ്ക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഇംഗ്ലീഷ് പതിപ്പ് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത മൈനർ സെമിനാരി റെക്ടർ വെരി റവ. കുര്യാക്കോസ് നെല്ലാട്ടിന് നൽകി പ്രകാശനം ചെയ്തു. ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കപ്പെട്ട ഈ പുസ്തകം തയ്യാറാക്കിയത് ബേസിൽ കല്ലംപിള്ളി അച്ചനാണ്. അച്ചന് അഭിനന്ദനങ്ങൾ.

## ബൈബിൾ പകർത്തിയെഴുത്തു മത്സരം

മൂവാറ്റുപുഴ രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ബൈബിൾ പകർത്തിയെഴുത്ത് മത്സരം നടത്തപ്പെടുന്നു. ബൈബിൾ പകർത്തി എഴുതാൻ താത്പര്യമുള്ള ആർക്കും ഈ മത്സരത്തിൽ പങ്കെടുക്കാം. താത്പര്യമുള്ളവർ 2020 ജൂലൈ 30 നു മുമ്പായി പേരു റജിസ്റ്റർ ചെയ്യണം. നിബന്ധനകൾ താഴെ പറയുവയാണ്.

1. ഒരാൾ മാത്രമായിരിക്കണം എഴുതേണ്ടത്.
2. A4 ഷീറ്റ് പേപ്പറിൽ വേണം എഴുതേണ്ടത്. ഒരു പേജിൽ 20 വരിയിൽ കൂടാൻ പാടില്ല.  പേപ്പറിന്റെ ഒരു പുറത്തു മാത്രം എഴുതുക
3. വൃത്തിയായി എഴുതണം.
4. ബൈബിളിൽ എഴുതിയിക്കുതു പോലെ ഒരു തെറ്റും കൂടാതെ എഴുതണം.

ബയന്റ് ചെയ്ത് 2020 ഡിസംബർ 1 ന് മുമ്പായി ബൈബിൾ പ്രേഷിത കാര്യാലയത്തിൽ എത്തിക്കണം. ഏറ്റവും നന്നായി എഴുതിയവർക്ക് സമ്മാനം ഉണ്ടായിരിക്കുതാണ്.  ഒന്നാം സമ്മനം 5000 രൂപ ക്യാഷ്പ്രൈസ്.

## ഓഡിയോ ബൈബിൾ

യാത്രകളിലും ജോലികൾക്കിടയിലും ദൈവവചനം ധ്യാനപൂർവ്വം കേൾക്കുവാൻ ഓഡിയോ ബൈബിൾ ലഭ്യമാണ്. പെൻഡ്രൈവ്, ഡി.വി.ഡി., സി.ഡി രൂപത്തിലും ഓഡിയോ ബൈബിൾ ഇൻസ്റ്റോൾ ചെയ്ത ഡിവൈസും ലഭ്യമാണ്. ആവശ്യമുള്ളവർ ബൈബിൾ പ്രേഷിത കാര്യാലയത്തിൽ അറിയിക്കുക.

# മതബോധന വാർത്തകൾ

## എക്സിക്യൂട്ടീവ് മീറ്റിംഗ്

വിശ്വാസ പരിശീലന കാര്യാലയത്തിന്റെ രണ്ടാമത് എക്സിക്യൂട്ടീവ് മീറ്റിംഗ് പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് 2020 മാർച്ച് 13, 14 തീയതികളിൽ നടന്നു. 17 പേർ സംബന്ധിച്ചു. വിശ്വാസ പരിശീലന നിയമാവലി ക്രോഡീകരിച്ചു. 2020–21 അദ്ധ്യയന വർഷത്തെ ഡയറി ക്രമീകരണം, സിലബസ്, കലോത്സവം, MBOC ക്യാമ്പ് തുടങ്ങിയവയെക്കുറിച്ച് 3 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്തു റിപ്പോർട്ട് തയ്യാറാക്കി. യോഗാവസാനം പെരിയ ബഹു. മോൺ. ചെറിയാൻ ചെന്നിക്കരയച്ചൻ അംഗങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു.

## ഓൺലൈൻ മത്സരങ്ങൾ

ലോക്ഡൗണിനോടനുബന്ധിച്ച് ഓൺലൈനായി വിവിധ പരിപാടികൾ സൺഡേ സ്കൂൾ കുട്ടികൾക്കും അദ്ധ്യാപകർക്കുമായി നടത്തപ്പെട്ടു. അധ്യാപകർക്ക് വേണ്ടി ചെറുകഥ മത്സരവും കുട്ടികൾക്കായി ബൈബിൾ ക്വിസ്, സോണറ്റ്, ചെറുകഥാ രചന, എവിൻസ്, കാന്റോൺ, ഗോഡ്സെന്റ് എന്നീ മത്സരങ്ങൾ നടത്തി.

## ബൈബിൾ ക്വിസ്

ഒന്നാം സമ്മാനം – ആഷ്ന മറിയം ജേക്കബ്, കീഴില്ലം

രണ്ടാം സമ്മാനം – അമൽ പോൾ, ചുവന്നമണ്ണ്

മൂന്നാം സമ്മാനം – ജോയൽ ജെ വർഗീസ്, എറണാകുളം

പ്രോത്സാഹന സമ്മാനങ്ങൾ

ഫ്രാൻസിസ് എബി, കുന്നക്കുരുടി, ലിയോനാർദ് എബി കുന്നക്കുരുടി, അഹന്യ എസ് രാജ്, കരിമ്പ, നേഹ കെ. ചെറിയാൻ – എറണാകുളം, യോഹാൻ കെ. ചെറിയാൻ – എറണാകുളം, ഫെസ്റ്റിൻ ബിനു– കാഞ്ഞിക്കുളം, ആന്റണി പോൾ – ചുവന്നമണ്ണ്, മൈക്കിൾ അ

നി - കുന്നക്കുരുടി, അമിത് ഡാനിയേൽ - പിറവം, എൽദോ ബിജു–പിറവം, ജോർജ് ഷാജൻ–മൂവാറ്റുപുഴ, സാമുവൽ ജോസഫ് - മൂവാറ്റുപുഴ

## സോണറ്റ് മത്സരങ്ങളുടെ റിസൽട്ട്

ഒന്നാം സമ്മാനം - എ. ആർ. ഉദയസൂര്യ, കുന്നംകുളം
രണ്ടാം സമ്മാനം - ആഷ്ന മറിയം ജേക്കബ്, കീഴില്ലം
മൂന്നാം സമ്മാനം - റൈന റോയ്, പുതുപ്പനം
പ്രോത്സാഹന സമ്മാനങ്ങൾ
ടെൽസ ചാക്കോ, കുന്നക്കുരുടി
എലിസ മരിയ, ഒലവക്കോട്
ലെയ ആൻ ടോം, കാക്കനാട്

## ചെറുകഥ മത്സരം (കുട്ടികൾ)

വിഷയം - നിസ്സഹായത
ഒന്നാം സമ്മാനം നിർമ്മല റാണി, മുരിങ്ങൂർ
രണ്ടാം സമ്മാനം - ജോനാഥ് ബിജു, മാന്നാമംഗലം
മൂന്നാം സമ്മാനം - അഹന്യ എസ്. രാജ്, കരിമ്പ
പ്രോത്സാഹന സമ്മാനങ്ങൾ
ബിൽഹ മരിയ ജെയിംസ്, എറണാകുളം
ബിനീറ്റ ബാബു, പീച്ചി
സോഫിയ എൽസ ജേക്കബ്, ആലുവ

## ചെറുകഥാ മത്സരം - അദ്ധ്യാപകർ

ഒന്നാം സമ്മാനം - ജിൻസി ബേബി, കട്ടിലപ്പൂവം
രണ്ടാം സമ്മാനം - പി.പി. മർക്കോസ്, കട്ടിലപ്പൂവം
മൂന്നാം സമ്മാനം - സുനിത രാജൻ, കരിമ്പ
പ്രോത്സാഹന സമ്മാനങ്ങൾ
ലാലി പൊന്നച്ചൻ, എറണാകുളം
ലിജി ലിജു, മരോട്ടിച്ചാൽ
ഷൈല ആന്റണി, എറണാകുളം

## എവിൻസ് ചിത്രരചനാ മത്സരം

(Class 1 to 4 Students)

വിഷയം - ഗ്രാമീണ ഭവനം
ഒന്നാം സമ്മാനം - അൻസു സുജി, വാളകം
രണ്ടാം സമ്മാനം - അൽഫോൺസ റാണി, മുരിങ്ങൂർ

മൂന്നാം സമ്മാനം - പ്രണവ് മാത്യു, കാക്കനാട്
പ്രോത്സാഹന സമ്മാനങ്ങൾ
ലെന മരിയ, കാഞ്ഞിക്കുളം
അലൻവിൻ എം.ആർ., കുന്നംകുളം
റോണവ് ടി., കാക്കനാട്

# എം.സി.സി.എൽ. വാർത്തകൾ

## എം.സി.സി.എൽ. ദിനം

2020 ഫെബ്രുവരി 9-ന് എം.സി.സി.എൽ. ദിനം എല്ലാ ഇടവക കളിലും കാതോലിക്ക പതാക ഉയർത്തി എം.സി.സി.എൽ. ആന്തം പാടി വിവിധ കലാപരിപാടികളോടെ കുട്ടികൾ ആഘോഷിച്ചു. എം.സി.സി.എൽ. ദിനത്തോടനുബന്ധിച്ച് നടത്തിയ wallpost ചിത്രരചനാ മത്സരത്തിൽ അലീന എൽസ എം.ആർ., കുന്നംകുളം ഒന്നാം സമ്മാനവും ആഷ്ന മറിയം ജേക്കബ്, കീഴില്ലം രണ്ടാം സമ്മാനവും അമേയ ആൻ തോമസ്, ചിറക്കൽപ്പടി മൂന്നാം സമ്മാനവും കരസ്ഥമാക്കി.

# എം.സി.വൈ.എം. വാർത്തകൾ

## ഔദ്യോഗിക വെബ്സൈറ്റ് ഉദ്ഘാടനം

മൂവാറ്റുപുഴ രൂപത എം.സി.വൈ.എം.-ന്റെ ഔദ്യോഗിക വെബ്സൈറ്റ് mcym.muvattupuzhadiocese.in 2020 മെയ് 30 ശനിയാഴ്ച രാവിലെ 11-ന് രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് ഉദ്ഘാടനം ചെയ്തു. സൂം കോൺഫറൻസ് വഴി എല്ലാവരെയും അഭിസംബോധന ചെയ്തു സംസാരിച്ച പിതാവ് കോവിഡ് കാലത്തെ യുവജനങ്ങളുടെ പ്രവർത്തനങ്ങളെ അനുമോദിക്കുകയും ഭദ്രസാനത്തിലെ എല്ലാ യുവജനങ്ങളെയും വ്യക്തിപരമായി അറിയുന്നതിന് വെബ്സൈറ്റിൽ ഉൾകൊള്ളിച്ചിരിക്കുന്ന യൂത്ത് സർവേയിൽ രജിസ്റ്റർ ചെയ്യുന്നത് ഉപകരിക്കും എന്നും പറഞ്ഞു. ഭദ്രാസന ഡയറക്ടർ റവ. ഫാ. കുരിയാക്കോസ് കറുത്തേടത്ത്, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കുടിലിൽ, ഭദ്രാസന പ്രസിഡന്റ് ശ്രീ. റിജോ ജോൺസൺ, ജനറൽ സെക്രട്ടറി കുമാരി ജോസ്മി ജോണി, കെ.സി.വൈ.എം. സംസ്ഥാനപ്രസിഡന്റ് ശ്രീ ബിജോ പി ബാബു, അനിമേറ്റർ സി. സ്മിത എസ്.ഐ.സി. മറ്റു ഭദ്രാസന ഭാരവാഹികൾ, മേഖല പ്രസിഡന്റുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

മുവാറ്റുപുഴ രൂപതയിലെ എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സ്ഥാപനവും, ആരംഭം മുതൽ ഇന്ന് വരെയുള്ള നാൾ വഴികളെ കുറിച്ചും മുൻകാല ഡയറക്ടർമാർ, നേതാക്കൾ, ചരിത്രം തുടങ്ങി യുവജന പ്രസ്ഥാനത്തെ സംബന്ധിച്ചു അറിയേണ്ടതെല്ലാം വെബ്സൈറ്റിൽ ലഭ്യമാണ്.

## വിസിറ്റ 2020: രൂപത സന്ദർശനം

2020 ഫെബ്രുവരി 21-ന് കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച രൂപത സന്ദർശനത്തിൽ മൂവാറ്റുപുഴ രൂപതയുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു. കെ.സി. വൈ.എം. പ്രവർത്തനങ്ങൾക്ക് മൂവാറ്റുപുഴ രൂപതയുടെ എല്ലാവിധ സഹകരണങ്ങളും ഉണ്ടാകുമെന്നു ഉറപ്പുനൽകി.

## ആത്മാ-2020: ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും സംയുക്ത യോഗം

യുവജന ശുശ്രുഷ രംഗത്ത് ആത്മീയ നേതൃത്വം നൽകുന്ന രൂപത ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും സംയുക്ത യോഗം 2020 ഫെബ്രുവരി 27-ാം തിയതി പാലാരിവട്ടം പി.ഒ.സി.യിൽ നടത്തപ്പെട്ടു. കെസിബിസി യൂത്ത് കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ സാനിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ മുവാറ്റുപുഴ രൂപതയുടെ എംസിവൈഎം അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കുടിലിൽ, അനിമേറ്റർ സിസ്റ്റർ സ്മിത എസ്.ഐ.സി.യും പങ്കെടുത്തു.

## പെണ്മാ - 2020

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു വരാപ്പുഴ അതിരൂപതയുടെ ആതിഥേയത്വത്തിൽ പോറ്റകുഴി ലിറ്റൽ ഫ്ളവർ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട പെണ്മാ 2020 ജ്വാല അവാർഡ് ജേതാവ് ശ്രീമതി മാളു ശൈഖ ഉദ്ഘാടനം എം.സി.വൈ.എം. രൂപത ജനറൽ സെക്രട്ടറി ജോസ്മി പി. ജോണി പങ്കെടുത്തു.

## പ്രയാണം 2020: കർമ്മപരിപാടി ഉദ്ഘാടനവും പ്രകാശനവും

എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസന സമിതിയുടെ 2020 വർഷത്തെ കർമപരിപാടികൾ "പ്രയാണം 2020" കരിമ്പ മേഖലയിലെ കാഞ്ഞികുളം ഹോളി ഫാമിലി മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവ് പ്രകാശനം ചെയ്തു. കരിമ്പ മേഖല വികാരി വെരി. റവ. ഫാ. ഐസക്ക് കോച്ചേരി, കാഞ്ഞികുളം ഇടവക

വികാരി റവ. ഫാ. ഗീവർഗീസ് മേലേപീടികയിൽ, ചിറക്കൽപ്പടി ഇടവക വികാരി റവ. ഫാ. വർഗീസ് കാടമല, മൈലംമ്പിള്ളി സെന്റ് മേരീസ് സിറോ മലബാർ ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ പഞ്ഞികവരൻ എന്നിവർ സന്നിഹിതരായിരുന്നു. കാഞ്ഞികുളം യൂണിറ്റിലെ യുവജനങ്ങളും രൂപത ഭാരവാഹികളും പങ്കെടുത്തു.

## മേഖല സന്ദർശനം

എം.സി.വൈ.എം. രൂപത–മേഖല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി രൂപത സമിതിയുടെ നേതൃത്വത്തിൽ മേഖല സന്ദർശനം നടത്തി.

2020 ഫെബ്രുവരി 8–ന് ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന പീച്ചി മേഖലയുടെ മീറ്റിംഗിൽ മേഖല ഡയറക്ടർ റവ. ഫാ. കുരിയാക്കോസ് കറുത്തേടത്ത്, പ്രസിഡന്റ് ശ്രീ. അലൻ ജെ. മാത്യു മറ്റ് മേഖല ഭാരവാഹികൾ, യൂണിറ്റ്തല ഭാരവാഹികൾ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

2020 ഫെബ്രുവരി 9–ാം തീയതി കാഞ്ഞികുളം ഹോളി ഫാമിലി മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് കരിമ്പ മേഖലയുടെ മീറ്റിംഗ് നടന്നു.

മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ വെച്ച് 2020 ഫെബ്രുവരി 29ന് രൂപത സമിതിയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ മേഖലയുടെ മീറ്റിംഗ് നടത്തപ്പെട്ടു. എം.സി.വൈ.എം. മേഖലാ ഡയറക്ടർ റവ. ഫാ. മാത്യൂ കളരിക്കലായിൽ, അനിമേറ്റർ സിസ്റ്റർ മേരി ഫിലോമിന OSS, മേഖല പ്രസിഡന്റ് ശ്രീ. ആൽബിൻ ജോയി, മറ്റ് മേഖല യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

2020 മാർച്ച് 1 ന് ഭദ്രാസന സമിതി കുന്നംകുളം മേഖല സന്ദർശനം നടത്തി. സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ നടന്ന മീറ്റിങ്ങിൽ രൂപത ഭാരവാഹികളും, മേഖല ഡയറക്ടർ റവ. ഫാ. റോബിൻസ് പുത്തൻപുരക്കൽ, അനിമേറ്റർ സിസ്റ്റർ ജോസ്മി SIC, പ്രസിഡന്റ് ശ്രീ. സിജോ, കരുവാൻകാട് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോണി ചെരിക്കയത്ത്, മറ്റു മേഖല യൂണിറ്റ് ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.

## 1000 മാസ്ക്കുകൾ നൽകി

എം.സി.വൈ.എം. കരിമ്പ മേഖലയുടെ നേതൃത്വത്തിൽ കല്ലടിക്കോട് പോലീസ് സ്റ്റേഷനിലും പ്രൈമറി ഹെൽത്ത് സെന്ററിലും

1000 മാസ്ക്കുകൾ നൽകി. എം.സി.വൈ.എം. മേഖലാ ഡയറക്ടർ റവ. ഫാ. സാജു മുട്ടുത്താൻ, ആനിമേറ്റർ സി. ഷേബ എസ്.ഐ.സി, എം. സി.വൈ.എം. പ്രസിഡന്റ് ജിന്റോ പി. ജോൺ, പഞ്ചായത്ത് മെമ്പർ രാജി പഴയംകാലം എന്നിവരിൽ നിന്ന് സന്നദ്ധ പ്രവർത്തകർ മാസ്ക്കുകൾ ഏറ്റുവാങ്ങി. ജോ.സെക്രട്ടറി സെബിൻ മാത്യു, എക്സിക്യൂട്ടീവ് അംഗങ്ങളായ റിജിൻ റോയി, അപർണ്ണ ജേക്കബ് എന്നിവർ സന്നിഹിതരായിരുന്നു.

## വീരമൃത്യു വരിച്ച ഇന്ത്യൻ സൈനികർക്ക് പ്രണാമം

ലഡാക്കിൽ ചൈന ആക്രമണത്തിൽ വീരമൃതു വരിച്ച ഇന്ത്യൻ സൈനീകരുടെ ജീവത്യാഗത്തിൽ എം.സി.വൈ.എം. മൂവാറ്റുപുഴ രൂപത സമിതിയുടെ നേതൃത്വത്തിൽ പീച്ചി മേഖലയുടെ അതിഥേയത്വത്തിൽ വിലങ്ങന്നൂർ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് തിരികൾ കത്തിച്ച് അനുശോചനം രേഖപെടുത്തി. പീച്ചി മേഖല വികാരി വെരി റവ. ഫാ. കുരിയാക്കോസ് മുളകുക്കൊടിയിൽ, എം.സി.വൈ.എം. ഭദ്രസാന ഡയറക്ടർ റവ. ഫാ. കുരിയാക്കോസ് കറുത്തേടത്ത്, ഭദ്രാസന ജനറൽ സെക്രട്ടറി കുമാരി ജോസ്മി പി. ജോണി, ഭദ്രസാന സെക്രട്ടറി ശ്രീ. സ്റ്റെഫിൽ ദാസ്, പീച്ചി മേഖല വൈസ് പ്രസിഡന്റ് ശ്രീ. ആൽവിൻ ഷാജി, എം.സി.വൈ.എം. പീച്ചി യൂണിറ്റ് പ്രസിഡന്റ് റോബിൻ റെജി, എം.സി.വൈ.എം. ചുവന്നമണ്ണ് യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബേസിൽ, മേഖലയിലെ യുവജനങ്ങളും സന്നിഹിതരായിരിന്നു.

## ഓൺലൈൻ സെമിനാർ

കോവിഡാനന്തര ലോകത്തിലെ യുവാക്കളുടെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കി സഭാതല സമിതിയുടെ നേതൃത്വത്തിൽ ഡോ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. നയിച്ച ഓൺലൈൻ സെമിനാറിൽ അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്ക ബാവായും അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവും പങ്കാളികളായി. മൂവാറ്റുപുഴ ഭദ്രസാനത്തിൽ നിന്നും ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കറുത്തേടത്ത്, പ്രസിഡന്റ് ശ്രീ. റിജോ ജോൺസൺ, ജനറൽ സെക്രട്ടറി കുമാരി ജോസ്മി പി. ജോണി, സെക്രട്ടറി കുമാരി ജിനു രാജു, സഭാതല സിൻഡിക്കേറ്റ് കുമാരി എയ്മി ഐസക്, സഭാതല സെക്രട്ടറി ശ്രീ. ബിച്ചു കുര്യൻ തോമസ്, കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ബിജോ പി. ബാബു. എന്നിവർ പങ്കെടുത്തു.

## തളിർ 2020

ജൂണ് 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എം.സി.വൈ.എം. യൂണിറ്റുകളിൽ ഒരു ജൈവകൃഷി തോട്ടം എന്ന ആശയത്തോടെ യൂണിറ്റുകളിലേക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. ജൂൺ 6 ശനിയാഴ്ച രാവിലെ 10.30–നു രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് മൂവാറ്റുപുഴ മേഖല പ്രസിഡന്റ് ശ്രീ. ആൽബിനു പച്ചക്കറിവിത്തുകൾ നൽകി 'തളിർ 2020' ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. കുരിയാക്കോസ് കറുത്തേടത്ത്, ഭദ്രാസന സെക്രട്ടറി സ്റ്റെഫിൻ ദാസ്, സിൻഡിക്കേറ്റ് മെമ്പർ എയ്മി ഐസക് എന്നിവർ സന്നിഹിതരായിരുന്നു.

## അഭിനന്ദനങ്ങൾ

രൂപത അനിമേറ്റർമാരിൽനിന്നും കെ.സി.വൈ.എം സംസ്ഥാന സമിതിയിലേക്ക് സിൻഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട മൂവാറ്റുപുഴ രൂപതയുടെ അനിമേറ്റർ സിസ്റ്റർ സ്മിത SICക്ക് മൂവാറ്റുപുഴ എം.സി.വൈ.എം ഭദ്രാസനകുടുംബത്തിന്റെ പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും.

എം.സി.വൈ.എം സഭാതല സമിതിയുടെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മൂവാറ്റുപുഴ രൂപതയുടെ മുൻ പ്രസിഡന്റായിരുന്ന ശ്രീ. ബിച്ചു കുര്യൻ തോമസിന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

# എം.സി.എ. വാർത്തകൾ

## സെമിനാർ നടത്തി

എം.സി.എ. സഭാതല സമിതിയുടെയും കാരിത്താസ് ഇന്ത്യയുടെയും നേതൃത്വത്തിൽ എം.സി.എ പിറവം മേഖലയുടെ അതിഥേയത്തിൽ നടത്തപ്പെട്ട 'സന്നദ്ധ പ്രവർത്തനങ്ങൾ സംഘടനകളിലൂടെ' എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാർ പിറവം മേഖലയിലെ സെന്റ് മേരീസ് ബെത്‌ലഹേം മലങ്കര കത്തോലിക്ക പള്ളിയിൽ വച്ച് നടന്നു. സെമിനാർ മൂവറ്റുപുഴ രൂപത വികാരി ജനറാൾ വെരി റവ. മോൺ. ചെറിയാൻ ചെന്നിക്കര ഉദ്ഘാടനം ചെയ്തു. സഭാതല പ്രസിഡന്റ് ശ്രീ. വി. പി. മത്തായി അദ്ധ്യക്ഷത വഹിച്ചു. മുഖ്യപ്രഭാഷണം റവ. സിസ്റ്റർ ക്രിസ്റ്റി മരിയ SH നിർവഹിച്ചു, രൂപത പ്രസിഡന്റ് വിസി ജോർജ് കുട്ടി, മേഖല വൈദിക ഉപദേഷ്ടാവ് റവ. ഫാ. ജോർജ് കയ്യാനിക്കൽ,

മേഖല വികാരി വെരി റവ. ഫാ. തോമസ് ഞാറക്കാട്ടിൽ, എം.എസ്. എം. ഐ.ടി.ഐ. ഡയറക്ടർ റവ. ഫാ. തോമസ് ആറ്റുമാലിൽ, റവ. ഫാ. വർഗീസ് പന്തീരായിത്തടത്തിൽ, സഭാതല വൈസ് പ്രസിഡന്റ് ശ്രീ. എൻ.ടി. ജേക്കബ്, സഭാതല മുൻ പ്രസിഡന്റ് ശ്രീ. ഫിലിപ്പ് കടവിൽ, KCF സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി. മേരി കുര്യൻ, മേഖലാ പ്രസിഡന്റ് ശ്രീ. ഷിബു സി.ബി, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ഷിബു പനച്ചിക്കൻ, മേഖലാ ട്രഷറർ ശ്രീ. ദാനിയേൽ തോമസ്, എം.സി.വൈ.എം. മേഖലാ പ്രസിഡന്റ് ശ്രീ. സോനു പീറ്റർ തുടങ്ങിയവർ പങ്കെടുത്തു. മീറ്റിംഗിൽ കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുത്ത ശ്രീ. ബിജോ പി. ബാബുനെയും, മൂന്ന് വർഷക്കാലം എം.സി.വൈ.എം. സഭാതല പ്രസിഡന്റായി സേവനം ചെയ്ത ശ്രീ. ടിനു കുര്യക്കോസിനെയും ആദരിച്ചു. തുടർന്ന് നടന്ന ക്ലാസ് ജെ പി ഡി കമ്മീഷൻ റവ. ഫാ. ജോർജ് വെട്ടിക്കാട്ടിൽ നയിച്ചു.

# മാതൃവേദി വാർത്തകൾ

## ഏകദിന പഠന ശിബിരങ്ങൾ

പിറവം വൈദിക ജില്ലയിലെ പിറവം, വെളിയനാട്, കളമ്പൂർ, അഞ്ചൽപെട്ടി, മാമലശ്ശേരി, ഓണക്കൂർ, പെരുവ ഇടവകകളിലെ മാതൃവേദി അംഗങ്ങളുടെ ഒരു പഠന ശിബിരം 2020 ഫെബ്രുവരി 21-ന് നടത്തപ്പെട്ടു. പഠന ശിബിരം മാതൃവേദി രൂപതാ ഡയറക്ടർ റവ. ഫാ. ജോൺ മാക്കാപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. ക്രൈസ്തവ കുടുംബങ്ങളിൽ അമ്മമാർക്കുള്ള പ്രാധാന്യം എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. വർഗീസ് പന്തീരായിത്തടത്തിൽ ക്ലാസെടുത്തു. വിവിധ ഇടവകകളിൽ നിന്നായി 55 പേർ സംബന്ധിച്ചു.

2020 മാർച്ച് 1-ന് എറണാകുളം ഇടവകയിൽ നടത്തപ്പെട്ട പഠന ശിബിരത്തിൽ ക്രൈസ്തവ കുടുംബങ്ങളിൽ അമ്മമാർക്കുള്ള പ്രാധാന്യം എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. വർഗീസ് പന്തീരായിത്തടത്തിൽ ക്ലാസെടുത്തു.

# വിൻസെന്റ് ഡി. പോൾ വാർത്തകൾ

## ദുരിതമനുഭവിക്കുന്നവർക്ക് സഹായം

കൊറോണ മഹാമാരിയിൽ ദുരിതമനുഭവിക്കുന്നവരെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സഹായിച്ചു. കോവിഡ്-19 ലോക്ഡൗൺ കാലത്ത് പെരുമ്പാവൂർ പ്രദേശത്തുള്ള നൂറ് അതിഥി തൊഴിലാളി

കൾക്കു ഭക്ഷണവും, പെരുവ സെന്റ് തോമസ് കോൺഫറൻസ്, മുപ്പത്തിനാലു വീടുകൾക്കു ഭക്ഷണ കിറ്റ് വിതരണവും നടത്തി. കരിമ്പ മേഖലയിൽ ദുരിതമനുഭവിക്കുന്ന പതിനെട്ടു വീടുകൾക്കും എറണാകുളം മേഖലയിൽ രണ്ട് വീടുകൾക്കും, അഞ്ചൽപ്പെട്ടി മേഖലയിൽ ആറു വീടുകൾക്കും, കീഴില്ലം കോൺഫറൻസ് അഞ്ച് കുടുബങ്ങൾക്കും, ചാത്തമറ്റം കോൺഫറൻസ് അഞ്ച് കുടുംബങ്ങൾക്കും, കുന്നക്കുരുടി കോൺഫറൻസ് മൂന്ന് കുടുംബങ്ങൾക്കും കോതമംഗലം, മൂവാറ്റുപുഴ കോൺഫറൻസ് ഓരോ വീടുകൾക്കും സഹായധനമായി 70,000 രൂപയോളം നൽകി. കൂടാതെ കരിമ്പ മേഖലയും, കീഴില്ലം കോൺഫറൻസും 255 മാസ്ക്, 5 sanitizer എന്നിവ വിതരണം ചെയ്തു. ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കുവാൻ ഒരു വിദ്യാർത്ഥിക്ക് മുവാറ്റുപുഴ കോൺഫറൻസ് ടെലിവിഷൻ നൽകി. കുന്നക്കുരുടി കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് ഓഫീസ്, മണ്ണൂരിലെ വ്യാപാര സ്ഥാപനങ്ങൾ എന്നിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

# സമൃദ്ധി വാർത്തകൾ

## സമൃദ്ധിയുടെ 'കൊറോണ കൈത്താങ്ങ്' പരിപാടിക്ക് തുടക്കം

അനുദിനം പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസ് ബാധയുടെ നടുവിലും ദുരിതമനുഭവിക്കുന്ന സാധാരണക്കാരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂവാറ്റുപുഴ രൂപതയുടെ സാമൂഹ്യ സേവനപ്രസ്ഥാനമായ സമൃദ്ധിയുടെ 'കൈത്താങ്ങ്' പരിപാടിക്ക് തുടക്കം കുറിച്ചു. മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത 2020 മാർച്ച് 31–ന് ഉദ്ഘാടനം ചെയ്ത 'കൈത്താങ്ങി'ന് പിന്തുണയും ആശംസകളുമായി ബഹു. എം. എൽ.എ. ശ്രീ. എൽദോസ് കുന്നപ്പിള്ളിയും സംബന്ധിച്ചു. മാർച്ച് 31 മുതൽ ഏപ്രിൽ 14 വരെ വെങ്ങോല പഞ്ചായത്തിലെ 1,7 വാർഡുകളായ പോഞ്ഞാശ്ശേരിയിലും കൽത്തറയിലും രായമംഗലം പഞ്ചായത്തിലെ ഇരിങ്ങോളിലുമായി ദിവസേന 250 കിറ്റുകൾ 15 ദിവസം വിതരണം ചെയ്തു. തൊഴിൽ നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന അതിഥി തൊഴിലാളികൾക്കും ഏകാന്തവാസം നയിക്കുന്നവർക്കും വീടില്ലാതെ അലഞ്ഞു നടക്കുന്നവർക്കുമാണ് പൊതിച്ചോറുകൾ എത്തിച്ച് നൽകിയത്. സമൃദ്ധി ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലായിലും അസി. ഡയറക്ടർ റവ. ഫാ. വർഗീസ് തെക്കോലിക്കലും നേതൃത്വം നൽകിയ കൊറോണ ഭക്ഷണ വിതരണത്തിൽ റവ.

ഫാ. ജോൺ വർഗ്ഗീസ് ഈശ്വരൻകുടിയിൽ കോറെപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ വെങ്ങോല ഇടവകയിൽ നിന്നും 12 വോളന്റിയർമാരും പങ്കുചേർന്നു.

## മാസ്ക് വിതരണം നടത്തി

സമൃദ്ധിയുടെ കയറാടി സോണിൻറെ നേതൃത്വത്തിൽ സോണിലെ വിവിധ യൂണിറ്റിലെ അയൽക്കൂട്ടാംഗങ്ങൾ തയ്യാറാക്കിയ 2500 ഓളം മാസ്ക്കുകൾ കരിംങ്കുന്നം ഗവ. ഹോസ്പിറ്റലിലും സമൃദ്ധിയുടെ വിവിധ മേഖലകളിലും വിതരണം ചെയ്തു.

## കിറ്റ് വിതരണം നടത്തി

കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ദാരിദ്ര്യം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്ക് കൈത്താങ്ങായി സമൃദ്ധി. ഗൂഞ്ച് എന്ന മറ്റൊരു എൻ.ജി.യോയുമായി സഹകരിച്ച് നമ്മുടെ അയൽക്കൂട്ടങ്ങളിലെ 150 കുടുംബങ്ങൾക്കും ഭക്ഷണപൊതി വിതരണംചെയ്തു. പോഞ്ഞാശ്ശേരി, ഇരിങ്ങോൾ പ്രദേശങ്ങളിലെ 400 കുടുംബങ്ങൾക്കും കിറ്റുകൾ വിതരണം ചെയ്തു.

## സമൃദ്ധി സുരക്ഷ കോട്ടയം

കൊറോണ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സമൃദ്ധി സുരക്ഷ ട്രാൻസ് ജെൻഡർ പ്രൊജക്റ്റ് ടീം ഇതര വകുപ്പുകളുടെ സഹായതോടെ ഭിന്നലിംഗക്കാർക്കും അതിഥി തൊഴിലാളികൾക്കുമായി കൊറോണ ബോധവൽക്കരണ ക്ലാസുകൾ നടത്തി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വിദ്യാധരനും കോട്ടയം ജില്ലാ റ്റി.ബി. ഓഫീസർ ടിങ്കിൾ പ്രഭാകരനും ക്ലാസുകൾക്ക് നേതൃത്വം നൽകി. കൂടാതെ കോട്ടയം പട്ടണത്തിലും പരിസര പ്രദേശങ്ങളിലും ഭിന്നലിംഗക്കാർക്കും അതിഥി തൊഴിലാളികൾക്കും ഭക്ഷ്യകിറ്റുകൾ, മാസ്ക്, സാനിട്ടൈസർ അവശ്യ മരുന്നുകൾ, ഭക്ഷണ പൊതികൾ എന്നിവ വിതരണം ചെയ്തു.

## അയൽക്കൂട്ട വിലയിരുത്തൽ സർവ്വേ

സമൃദ്ധി അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ ആളുകൾക്ക് എത്രമാത്രം പ്രയോജനകരമാണെന്ന് വിലയിരുത്തുവാനായി പൈങ്ങോട്ടൂർ ശ്രീനാരായണഗുരു കോളേജിലെ 29 ബി.എസ്.ഡബ്യു. വിദ്യാർത്ഥികൾ മുവാറ്റുപുഴ, പിറവം മേഖലകളിൽ സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിച്ചു.

## Diocesan Strategic Plan

കേരള സോഷ്യൽ സർവ്വീസ് ഫോറം (KSSF) എല്ലാ രൂപതകൾക്കുമായി ഫെബ്രുവരി 3, 4 തിയതികളിൽ Diocesan Strategic Plan എന്ന വിഷയത്തെ ആസ്പദമാക്കി അടുത്ത 10 വർഷത്തേക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി കോട്ടയം ആമോസ് ട്രെയ്നിംഗ് സെൻററിൽ വച്ച് നടത്തിയ മീറ്റിംങ്ങിൽ സമൃദ്ധി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലായും പ്രോജെക്റ്റ് കോ-ഓർഡിനേറ്റർ ശ്രീ. ലിബിനും സംബന്ധിച്ചു.

## ലോക ക്യാൻസർ ദിനം

ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 5-ാം തീയതി മനോരമയും ഏഷ്യാനെറ്റും സംയുക്തമായി എറണാകുളം, മരട് ലേമെറിഡിയൻ ഹോട്ടലിൽ സംഘടിപ്പിച്ച കോൺഫറൻസിൽ സമൃദ്ധി ജീവനക്കാർ പങ്കെടുത്തു.

## എസ്.എ.എഫ്.പി വാർഷിക ജനറൽ ബോഡി യോഗം

എസ്.എ.എഫ്.പി വാർഷിക ജനറൽ ബോഡി യോഗം കാലടി ഐശ്വര്യഗ്രാമിൽ വച്ച് നടത്തപ്പെട്ടു. ദക്ഷിണേന്ത്യൻ എസ്.എ.എഫ്.പി ഡയറക്ടർമാരും SAFP Canada Service Team അംഗങ്ങളും സംബന്ധിച്ച മീറ്റിംഗിൽ ബിഷപ്പ് സെബാസ്റ്റ്യൻ ഇടയന്ത്രത്ത്, ശ്രീ. ജോസ് (കാലടി യുണിവേഴ്സിറ്റി) തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

## റവ.ഫാ. വർഗ്ഗീസ് തെക്കോലിക്കലിന് സ്വീകരണം

സമൃദ്ധിയുടെ പുതിയ അസി. ഡയറക്ടറായി ചുമതലയേറ്റ നവവൈദികൻ ബഹു. വർഗ്ഗീസ് തെക്കോലിക്കൽ അച്ചന് ഫെബ്രുവരി 19-ാം തീയതി ഔദ്യോഗികമായി സമൃദ്ധി കീഴില്ലം ഓഫീസിൽ സ്വീകരണം നൽകി.

## സെമിനാർ

കേരള സോഷ്യൽ സർവ്വീസ് ഫോറം (KSSF) ന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 27-ാം തീയതി സമൃദ്ധിഗ്രാമിൽ വച്ച് Orientation of Key Strategic Pillars and Catholic Social Teaching എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തപ്പെട്ടു.സഭയുടെ സാമൂഹിക പ്രബോധനങ്ങളെപ്പറ്റിയും മൂല്യാധിഷ്ഠിതമായി നീതി സമൂഹം പടുത്തുയർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അതിൽ സന്നദ്ധ പ്രവർത്തകർക്കുള്ള പങ്കിനെപറ്റിയും റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ക്ലാസ്സുകൾ നയിച്ചു.

## നവജീവൻ പ്രോജക്റ്റ് രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്തു

സമൃദ്ധിയും കാരിത്താസ് ഇന്ത്യയും സംയുക്തമായി നടത്തുന്ന നവജീവൻ പ്രൊജക്റ്റ് പാലക്കാട് ജില്ല കരിമ്പ പഞ്ചായത്തിലെ ആറു വാർഡുകളിൽ കൂടി ആരംഭിച്ചു. ഫെബ്രുവരി 1–ന് ഇരുംമ്പാമുട്ടി സെന്റ് ജോസഫ് മലങ്കര കത്തോലിക്ക പള്ളിയിൽവച്ചു സമൃദ്ധിയുടെ ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലായുടെയും കാരിത്താസ് ഇന്ത്യയുടെ സ്റ്റേറ്റ് കോ. ഓർഡിനേറ്റർ ശ്രീമതി ശോഭയുടെയും സാന്നിധ്യത്തിൽ കരിമ്പ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജയശ്രീ ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ ആറ് വാർഡുകളിലെ മെമ്പർമാരും എം.സി.എ. സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് ശ്രീ. വി. പി. മത്തായി, രൂപതാ പ്രസിഡന്റ് ശ്രീ. വി. സി. ജോർജ്കുട്ടി എന്നിവരും പങ്കെടുത്തു. ശ്രീമതി ശോഭാ നവജീവൻ പ്രോജെക്റ്റിനെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളോട് സംസാരിച്ചു.

## പി. ഡി. ആർ. എ. അനാലിസിസ് ക്ലാസ്സ്

**നവജീവൻ പ്രൊജക്ടിന്റെ** ഭാഗമായി 2020 ഫെബ്രുവരി 3–ന് സഹൃദയയിൽ വച്ച് നടന്ന പി. ഡി. ആർ. എ. (PARTICIPATORY DISASTER RISK ASSESSMENT) അനാലിസിസ് ക്ലാസിൽ സമൃദ്ധിയുടെ നവജീവൻ പ്രോജക്റ്റ് കോ. ഓർഡിനേറ്റർ പങ്കെടുത്തു.

## വനിതാ ദിനാഘോഷം റദ്ദാക്കി

കൊറോണ വൈറസിന്റെ ഭീതിയിൽ ഗവൻമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തൃശൂർ റീജിയൻ അമലഗിരി-കയറാടിയിൽ വച്ച് നടത്തുവാനിരുന്ന വനിതാ ദിനാഘോഷം റദ്ദാക്കി.

## എസ്. എ. എഫ്.പി. വിലയിരുത്തൽ മീറ്റിംഗ്

എസ്.എ.എഫ്.പി. യുടെ തൃശൂർ റീജിയൻ വിലയിരുത്തൽ മീറ്റിംഗ് 2020 ഫെബ്രുവരി 5–ന് പീച്ചിയിലെ തൃശൂർ റീജിയൻ ഓഫീസിൽ വച്ച് നടത്തപ്പെട്ടു. റീജിയണൽ കോ. ഓർഡിനേറ്റർ ജോസ്മി ജോണി സ്വാഗതം അർപ്പിക്കുകയും എഫ്.ഡി.പി. കോ. ഓർഡിനേറ്റർ ശ്രീമതി സൂസൻ മാത്യു 2020–21 വർഷത്തെ വാർഷിക പദ്ധതികളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. കരിമ്പ റീജിയണൽ കോ. ഓർഡിനേറ്റർ ശ്രീമതി രാജിമോൾ വി.ജി., അമലഗിരി സോണൽ കോ. ഓർഡിനേറ്റർ ശ്രീമതി മേരി ബാബു എന്നിവരും റീജിയണിലെ എല്ലാ എസ്.എ.എഫ്.പി. അംഗങ്ങളും പ്രസ്തുത അവലോകന യോഗത്തിൽ പങ്കെടുത്തു.

## വാട്ടർ ഷെഡ് പല്ലാരിമംഗലം

പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി പല്ലാരിമംഗലം ഗ്രാമപഞ്ചായത്തും കൃഷിഭവനും ചേർന്ന് സമൃദ്ധിയുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന 2-ാം വർഷ മുളമാലിച്ചിറത്തോട് (നെല്ലിമറ്റം-കോതമംഗലം) വ്യക്തിഗത നീർത്തട പദ്ധതി ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷ സ്വീകരിച്ചു. കഴിഞ്ഞ ഫെബ്രുവരി 10 മുതൽ 17 വരെ പൈമറ്റം, മണികിണർ, വാളാച്ചിറ എന്നീ സ്ഥലങ്ങളിൽനിന്നും ഏകദേശം 200 അപേക്ഷകൾ ലഭിച്ചു.

## കൊറോണ അവബോധ ക്ലാസ്സ്

സമൃദ്ധി ട്രാൻസ് ജെൻഡർ സുരക്ഷാ പ്രോജക്റ്റിന്റെയും കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലുള്ള ട്രാൻസ് ജെൻഡർ വിഭാഗത്തിന് കൊറോണ അവബോധ ക്ലാസ്സ് 2020 ഫെബ്രുവരി 16-ന് കോട്ടയം നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഹാളിൽവച്ച് നടത്തപ്പെട്ടു. ഡെപ്യൂട്ടി ഡി.എം..ഒ. ഡോ. വിധ്യാധരൻ, അസി. ഡി.എം.ഒ. ഡോ. അനിത, ഡിസ്ട്രിക്റ്റ് റ്റി ബി. ഓഫീസർ ടിങ്കിൾ പ്രഭാകരൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## പരിസ്ഥിതി ദിനാചരണം

കൊറോണ വൈറസിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ പരിസ്ഥിതി ദിനാചരണം പരിമിതമായി ആഘോഷിച്ചു. പരിസ്ഥിതി ദിനമായ ജൂൺ 5-ന് വൃക്ഷതൈ നട്ടുകൊണ്ട് സമൃദ്ധി ഡയറക്ടർ റവ. ഫാ. തോമസ് പുല്ലുകാലായിൽ പരിസ്ഥിതി ദിനം ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. വർഗീസ് തെക്കോലിക്കൽ സന്ദേശം നൽകി. സമൃദ്ധിയുടെ യൂത്ത് വോളന്റിയേഴ്സിന്റെ സഹകരണത്തോടെ വെങ്ങോല ട്രെയിനിംഗ് സെന്ററിലും പരിസരങ്ങളിലും വൃക്ഷതൈകൾ നട്ട് 1000 ട്രീ ചലഞ്ചിനും തുടക്കം കുറിച്ചു.

## മാസ്ക്ക് വിതരണം

വർദ്ധിച്ചു വരുന്ന കൊറോണ വൈറസിന്റെ പശ്ചാത്തലത്തിൽ വൈറസിനെ ചെറുക്കാനും സ്വയം സംരക്ഷണത്തിനുമായി സമൃദ്ധിയുടെ യൂത്ത് വോളന്റിയേഴ്സ് വഴി മാസ്ക്കുകൾ വിതരണം ചെയ്തു. യുവജനങ്ങൾ നേരിട്ടാണ് മാസ്ക്കുകൾ ആവശ്യക്കാരിലേക്ക് എത്തിച്ചത്.

## ഗവേർണിംഗ് ബോഡി യോഗം കൂടി

സമൃദ്ധിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താനും

സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊള്ളുവാനും ഗവേർണിങ് ബോഡി വിളിച്ചുചേർത്തു. 2020 ജൂൺ 18 വൈകിട്ട് 4 മണിക്ക് പ്രസിഡന്റ് ശ്രീ. ഘോഷ് യോഹന്നാന്റെ നേതൃത്വത്തിൽ വിളിച്ചുചേർത്ത മീറ്റിങ്ങിൽ സെക്രട്ടറി ഫാ. തോമസ് പുല്ലുകാലായിലും മറ്റ് ഗവേർണിങ് ബോഡി അംഗങ്ങളും പങ്കെടുത്തു. മീറ്റിങ്ങിൽ സുപ്രധാനമായ ഏതാനും തീരുമാനങ്ങളും കൈക്കൊണ്ടു.

## ജന്മദിനം

| | | |
|---|---|---|
| റവ.ഫാ. ഫിലിപ്പ് ഇരട്ടമാക്കിൽ | – | ജൂലൈ 7 |
| റവ.ഫാ. ജോർജ്ജ് മാരാങ്കണ്ടം | – | ജൂലൈ 14 |
| റവ. ഫാ. ജോർജ് കയ്യാനിക്കൽ | – | ജൂലൈ 20 |
| റവ.ഫാ. കുര്യക്കോസ് കറുത്തേടത്ത് | – | ജൂലൈ 21 |
| റവ.ഫാ. ജോർജ് അറയ്ക്കമ്യാലിൽ | – | ജൂലൈ 30 |
| വെരി. റവ.മോൺ. ചെറിയാൻ ചെന്നിക്കര | – | ജൂലൈ 31 |
| റവ.ഫാ. തോമസ് ഞാറക്കാട്ട് | – | ആഗസ്റ്റ് 9 |
| റവ.ഫാ. വർഗ്ഗീസ് പന്തീരായീത്തടത്തിൽ | – | ആഗസ്റ്റ് 18 |
| റവ.ഫാ. ജോൺ കുര്യാക്കോസ് അണ്ടിക്കുളത്തിൽ | – | ആഗസ്റ്റ് 23 |
| റവ.ഫാ. ജോവാക്കിം പണ്ടാരംകുടിയിൽ | – | ആഗസ്റ്റ് 26 |
| റവ.ഫാ. ജോസ് കുറ്റിക്കേരിൽ | – | സെപ്റ്റംബർ 16 |

## നാമഹേതുകതിരുന്നാൾ

| | | |
|---|---|---|
| റവ.ഫാ. തോമസ് വെട്ടിക്കാട്ടിൽ | – | ജൂലൈ 3 |
| റവ.ഫാ. വിൽസൺ വേലിക്കകത്ത് | – | ജൂലൈ 3 |
| റവ.ഫാ. തോമസ് പുല്ലുകാലായിൽ | – | ജൂലൈ 3 |
| റവ.ഫാ. തോമസ് ഞാറക്കാട്ട് | – | ജൂലൈ 3 |
| റവ.ഡോ. തോമസ് മുതലപ്ര | – | ജൂലൈ 3 |
| റവ.ഫാ. തോമസ് ആറ്റുമാലിൽ | – | ജൂലൈ 3 |
| റവ.ഫാ. കുരുവിള പാറേക്കടവിൽ | – | ജൂലൈ 15 |
| റവ.ഫാ. കുര്യൻ ആരമ്പിള്ളിക്കുടിയിൽ | – | ജൂലൈ 15 |
| റവ.ഫാ. കുര്യാക്കോസ് മാമ്പ്രക്കാട്ട് | – | ജൂലൈ15 |
| റവ.ഫാ. കുര്യാക്കോസ് നെല്ലാട്ട് | – | ജൂലൈ 15 |
| റവ.ഫാ. കുര്യാക്കോസ് മുളകുകൊടിയിൽ | – | ജൂലൈ 15 |
| റവ.ഫാ. കുര്യാക്കോസ് കുടിലിൽ | – | ജൂലൈ 15 |
| റവ.ഫാ. കുര്യാക്കോസ് കറുത്തേടത്ത് | – | ജൂലൈ 15 |
| റവ.ഫാ. ജേക്കബ് കീയ്യാലീൽ | – | ജൂലൈ 25 |

| | | |
|---|---|---|
| റവ.ഫാ. ജയിംസ് ചരിവുപറമ്പിൽ | - | ജൂലൈ 25 |
| റവ.ഫാ. അഗസ്റ്റിൻ തടവിളയിൽ | - | ആഗസ്റ്റ് 28 |
| റവ.ഫാ. ജോവാക്കിം പണ്ടാരംകുടിയിൽ | - | സെപ്റ്റംബർ 9 |
| റൈറ്റ്. റവ. മത്തായി കോർഎപ്പിസ്കോപ്പോ | - | സെപ്റ്റംബർ 21 |
| റവ. ഫാ. മാത്യു കളരിക്കാലയിൽ | - | സെപ്റ്റംബർ 21 |
| റവ.ഫാ. മാത്യു മുട്ടുത്താൻ | - | സെപ്റ്റംബർ 21 |
| റവ.ഫാ. മാത്യു അറയ്ക്കൽ | - | സെപ്റ്റംബർ 21 |
| റവ.ഫാ. ബാബു മണ്ടുംപാൽ | - | സെപ്റ്റംബർ 21 |
| റവ.ഫാ. മാത്യു കട്ടറുമൂലയിൽ | - | സെപ്റ്റംബർ 21 |
| റവ.ഫാ. മൈക്കിൾ വടക്കേവീട്ടിൽ | - | സെപ്റ്റംബർ 29 |

# പുസ്തകാഭിപ്രായം

## ബൈബിൾ പ്രതീകങ്ങൾ : ഡോ. എബ്രഹാം മാർ ജൂലിയോസ്




വിശുദ്ധ വേദപുസ്തക പഠനത്തിന് അനിവാര്യമായ രണ്ട് ഘടകങ്ങളാണ് ബൈബിളിന്റെ സ്ഥലകാല പശ്ചാത്തലത്തെപ്പറ്റിയും (ഭൂമിശാസ്ത്രം, സംസ്കാരം, ചരിത്രം), ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങളെപ്പറ്റിയും ഉള്ള അറിവ്. ഈ അറിവുണ്ടെങ്കിൽ മാത്രമേ, വിശുദ്ധ വേദപുസ്തകം വാച്യാർത്ഥത്തിൽ മാത്രം എടുക്കാതെ, വിശുദ്ധ ഗ്രന്ഥം അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളാൻ സാധിക്കുകയുള്ളു.

വിശുദ്ധ ബൈബിൾ പ്രതീകങ്ങളുടെ ഒരു കലവറ തന്നെയാണ്. 'ദൈവവചനത്തിന്റെ ആഴമായ അർത്ഥതലങ്ങളിലേക്കു നമ്മെ ഉൾപ്രവേശിപ്പിക്കുന്ന താക്കോലാണു പ്രതീകം' (ആമുഖം). ബൈബിൾ പ്രതീകങ്ങളിൽ 50 തെരെഞ്ഞെടുക്കപ്പെട്ട വിഷയങ്ങളെപ്പറ്റിയാണ് മൂവാറ്റുപുഴ രൂപതയുടെ മുൻ അധ്യക്ഷൻ അഭിവന്ദ്യ ഡോ. എബ്രഹാം മാർ ജൂലിയോസ് തിരുമേനിയുടെ 'ബൈബിൾ പ്രതീകങ്ങൾ' എന്ന

പുസ്തകം. Biblical Symbols എന്ന പേരിൽ ഇംഗ്ലീഷിൽ തയ്യാറാക്കിയ പുസ്തകത്തിന്റെ മലയാള പരിഭാഷയാണ് 'ബൈബിൾ പ്രതീകങ്ങൾ'. മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നത് ബഹു. പോൾ കാരമേൽ കോയിക്കൽ അച്ചനാണ്.

ബൈബിൾ പഠിതാക്കൾക്കു വിശുദ്ധ വേദപുസ്തകം അതിന്റെ പൂർണതയിൽ ഉൾക്കൊള്ളാൻ പര്യാപ്തമായ ഒരു പഠന സഹായിയാണ് 112 പേജുകളുള്ള ഈ ലഘു ഗ്രന്ഥം. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധ ബൈബിൾ പണ്ഡിതന്മാരുടെ, വിവിധ ഭാഷകളിലുള്ള ആധികാരികമായ ഗ്രന്ഥങ്ങൾ, ബൈബിൾ പണ്ഡിതൻ കൂടിയായ അഭിവന്ദ്യ ഡോ. എബ്രഹാം മാർ ജൂലിയോസ് തിരുമേനിയെ ഈ ഗ്രന്ഥരചനയിൽ സഹായിച്ചിട്ടുണ്ട്. ബൈബിൾ പ്രതീകങ്ങൾ എന്ത്? എന്ന വിഷയത്തെപ്പറ്റി ഗ്രന്ഥകാരൻ പുസ്തകത്തിന്റെ ആമുഖത്തിലും ഉപസംഹാരത്തിലും വിജ്ഞാനപ്രദമായ അറിവുകൾ പങ്കുവയ്ക്കുന്നു.

വിശുദ്ധ ഗ്രന്ഥത്തിലെ വാക്കുകളാലും, പ്രതീകങ്ങളാലും, സഭയുടെ പാരമ്പര്യങ്ങളാലും കോർത്തിണക്കപ്പെട്ട ഒന്നാണല്ലോ ആരാധനക്രമം, പ്രത്യേകിച്ച് അന്ത്യോക്യൻ സുറിയാനി സഭയുടെ ആരാധനക്രമം. ബൈബിളിലിലെ പ്രതീകങ്ങൾ കത്തോലിക്കാ സഭയിലെ വിവിധ റീത്തുകളിലെ ആരാധനാ ക്രമങ്ങളിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നു എന്ന സവിശേഷത ഏതാണ്ട് നാല്പതോളം പ്രാവശ്യം പുസ്തകത്തിൽ പരാമർശിക്കുന്നു.

ബൈബിൾ, ആരാധനക്രമം എന്നിവ പഠിക്കുന്നവർക്കും ഇവ കൈകാര്യം ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന വിജ്ഞാനപ്രദമായ ഒരു പുസ്തകമാണ്, 'ബൈബിൾ പ്രതീകങ്ങൾ'.

*– ജോൺ വർഗീസ് ഈശ്വരൻകുടിയിൽ കോറെപ്പിസ്കോപ്പോ*



2020 ജൂൺ 12 – ന് നടന്ന ആലോചനാസമിതിയോഗം



2020 ഏപ്രിൽ 12 – ന് അഭി. ജൂലിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷം



മാർ തിമോത്തിയോസ് തിരുമേനിയുടെ ഒന്നാം ഓർമ്മതിരുന്നാൾ ദിനമായ ജൂൺ 4 – ന് കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തുന്നു.



2020 ജൂൺ 8 – ന് അഭി. തെയഡോഷ്യസ് പിതാവ് സ്കോള ബ്രവിസ് ഉദ്ഘാടനം ചെയ്യുന്നു.



2020 ജൂൺ 27 – ന്അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന മാർ തെയോഫിലോസ് പിതാവിന്റെ ഓർമ്മകുർബാന



2020 ജൂൺ 2 – ന് പ്രഥമവ്രത വാഗ്ദാനം നടത്തിയ ബഹു. സിസ്റ്റേഴ്സ് അഭി. പിതാവിനോടൊപ്പം.




## "കൈത്താങ്ങായി" സമൃദ്ധി...



സമൃദ്ധിയുടെ നേതൃത്വത്തിൽ അതിഥി തൊഴിലാളികൾക്ക് ഭക്ഷണവിതരണം പദ്ധതി 2020 മാർച്ച് 31–ന് അഭിവന്ദ്യ തെയഡോഷ്യസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. ശ്രീ. എൽദോസ് കുന്നപ്പിള്ളി എം.എൽ.എ. സമീപം.